കേരള സർക്കാർ

# മൂവാറ്റുപുഴ നഗരസഭ

# 2018-19
# ഓഡിറ്റ് റിപ്പോർട്ട്


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ-ഇകെഎം(എം2)1851/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in

**തീയതി : 14.01.2020**

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മൂവാറ്റുപുഴ നഗരസഭ.

സർ,

വിഷയം:- മൂവാറ്റുപുഴ നഗരസഭ – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂവാറ്റുപുഴ നഗരസഭയുടെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവ ശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ് :-</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2) സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, എറണാകുളം
5) കാര്യാലയ പകർപ്പ്.

## എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നഗരസഭയുടെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി 1.4.2018 മുതൽ 31.3.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സമയത്ത് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് നൽകിയ മറുപടി പരിഗണിച്ചതിന് ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

### എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ കെ.ജി.<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.10.2019 മുതൽ 31.10.2019 വരെ. |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. സുരേഷ് എസ്. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജ്യോതിമോൻ സി.സി. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ശ്രീജ ഉണ്ണികൃഷ്ണൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ഷൈബി ഇ.ഡി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| [illegible] | [illegible] |

| | |
|---|---|
| ശ്രീ.ഷിബു പൗലോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. പ്രവീൺ വി.എൻ. | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| ചെയർപേഴ്സൺ | ശ്രീമതി. ഉഷാ ശശിധരൻ | 01.04.2018 | 31.03.2019 |
| വൈസ് ചെയർമാൻ & ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | ശ്രീ.പി.കെ.ബാബുരാജ് | 01.04.2018 | 31.03.2019 |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | ശ്രീമതി ഉമാമത്ത് സലിം | 01.04.2018 | 31.03.2019 |
| ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | ശ്രീമതി രാജി ദിലീപ് | 01.04.2018 | 31.03.2019 |
| വിദ്യാഭ്യാസ കലാകായിക കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | ശ്രീമതി പ്രമീള ഗിരീഷ്കുമാർ | 01.04.2018 | 31.03.2019 |
| പൊതുമരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | ശ്രീ സി.എം.സീതി | 01.04.2018 | 31.03.2019 |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | ശ്രീ എം.എ.സഹീർ | 01.04.2018 | 31.03.2019 |
| സെക്രട്ടറി | ശ്രീ.ഷിബു.വി.പി. | 01.04.2018 | 18.05.2018 |
| | ശ്രീ. എ.തങ്കപ്പൻ റെവന്യൂ ഓഫീസർ (ഇൻ ചാർജ്ജ്) | 19.05.2018 | 25.05.2018 |
| | ശ്രീ. ലതേഷ് കുമാർ.വി.വി | 26.05.2018 | 31.03.2019 |

## മറ്റു നിർവ്വഹണോദ്യഗസ്ഥരുടെ പേരു വിവരം

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീമതി അമ്പിളി റ്റി.എ. | 01.04.2018 | 11.06.2018 |
| | ശ്രീ. കെ.പി.സോമൻ | 12.06.18 | 31.03.19 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.മൻസൂർ റ്റി.എ. | 01.04.2018 | 31.03.2019 |
| ഹെഡ്മിസ്ട്രസ്, ജി.എച്ച്.എസ്.എസ്., മൂവാറ്റുപുഴ | ശ്രീമതി അജിതാകുമാരി | 01.04.2018 | 31.03.2019 |
| കൃഷി ഓഫീസർ | ശ്രീ.ജോസഫ് എൻ.ജെ. | 01.04.2018 | 24.09.2018 |
| | ലിസി ഡാർലിംഗ് ജെ. | 01.10.2018 | 6.11.2018 |
| | രമാദേവി സി. | 07.11.2018 | 31.03.2019 |

| | | | |
|---|---|---|---|
| വെറ്ററിനറി സർജൻ | ഡോ. രഞ്ജിത് കൃഷ്ണൻ | 01.04.2018 | 31.05.2018 |
| | ഡോ.കൃഷ്ണദാസ് പി. | 01.06.2018 | 31.03.2019 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ജിഷ ജോസഫ് | 01.04.2018 | 25.07.2018FN |
| | ശ്രീമതി.ദർശിനി ഷിബു | 26.07.18AN | 29.11.18FN |
| | ശ്രീമതി.രമ്യ വി.എം. | 29.11.18 AN | 31.03.2019 |
| മെഡിക്കൽ ഓഫീസർ, പിഎച്ച്.സി. | ഡോ.ഷാനി എം.എം. | 01.04.2018 | 05.10.2018FN |
| | ഡോ.കെ.എൻ. സതീശൻ | 05.10.2018AN | 18.03.2019FN |
| | ഡോ.ആശ വിജയൻ | 18.03.19AN | 31.03.2019 |
| മെഡിക്കൽ ഓഫീസർ, ( ആയുർവ്വേദം) | ഡോ.ജയശ്രീ | 01.04.2018 | 07.09.2018FN |
| | ഡോ.ജോൺജേക്കബ് | 07.09.2018AN | 26.11.18FN |
| | ഡോ.എം.കെ.കുര്യൻ | 26.11.18AN | 31.03.2019 |
| മെഡിക്കൽ ഓഫീസർ, ( ഹോമിയോ) | ഡോ.എം.ആർ.ഷീല | 01.04.2018 | 31.03.2019 |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീമതി ഷൈനിമോൾ കെ. ബി. | 01.04.2018 | 31.03.2019 |
| ഹെൽത്ത് സൂപ്പർവൈസർ (പ്രൊജക്ട് ഓഫീസർ, NULM) | ശ്രീമതി.എം.ആർ. ഗീത | 01.04.2018 | 31.03.2019 |

<u>**ഉള്ളടക്കം**</u>


| ക്രമ നം. | <u>**ഭാഗം -1**</u> | **ഖണ്ഡിക നം.** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| 13 | ഡി & ഓ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-13 |
| 14 | സ്യൂട്ട് രജിസ്റ്ററും കേസ് സംബന്ധിച്ച ഫയലുകളും കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ | 1-14 |

| | | |
|---|---|---|
| 15 | തെരുവു വിളക്കുകൾ മെറ്റീരിയൽസ് വാങ്ങൽ- അപാകതകൾ | 1-15 |
| 16 | പത്താം ക്ലാസിലെ കുട്ടികൾക്ക് ട്യൂഷൻ സമയത്ത് ലഘുഭക്ഷണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 1-16 |
| 17 | എ.ബി.സി പ്രോഗ്രാം -തെരുവ് നായ നിയന്ത്രണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 1-17 |
| 18 | പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പി.വി.സി.വാട്ടർ ടാങ്ക് – ഗുണഭോക്തൃ വിഹിതം ചെലവഴിച്ചത് - ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-18 |
| 19 | ഓപ്പറേറ്റിംഗ് സിസ്റ്റം ഫോർ ലാപ് ടോപ്പ്- അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-19 |
| 20 | കിഴക്കേക്കര പി.എച്ച്.സി മെയിന്റനൻസ് -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-20 |
| 21 | മരാമത്ത് പ്രവൃത്തികൾ – നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയിട്ടില്ല. | 1-21 |
| 22 | ലൈഫ് & പി.എം.എ.വൈ ഭവന പദ്ധതി - ആനുകൂല്യം കൈപ്പറ്റിയവർ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-22 |
| 23 | സ്റ്റേഡിയം അനുബന്ധസൗകര്യങ്ങൾ പ്രവൃത്തി നിശ്ചിതമൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ വെച്ചില്ല. | 1-23 |
| 24 | കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി മുഖേനയുള്ള നിക്ഷേപ പ്രവർത്തികൾ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-24 |
| 25 | വീട് അറ്റകുറ്റപ്പണി – സർക്കാർ ഉത്തരവിന് വിരുദ്ധമായി കൗൺസിൽ തീരുമാനം | 1-25 |
| 26 | പട്ടികജാതി കുടുംബങ്ങൾക്ക് പി വി സി വാട്ടർടാങ്ക് പദ്ധതി- അപാകതകൾ | 1-26 |
| 27 | ജവഹർലാൽ നെഹ്റു ജന്മശതാബ്ദി ഭവന നിർമ്മാണ പദ്ധതി – പൂർത്തീകരിച്ചിട്ടില്ല. | 1-27 |
| 28 | ഹൈക്കോടതിയുടെ സ്റ്റേ നിലവിലുള്ളപ്പോൾ നഗരസഭയുടെ താല്പര്യത്തിനെതിരെ കേസ് തീർപ്പാക്കി. | 1-28 |
| 29 | ഹൈക്കോടതി വിധികൾ യഥാസമയം നടപ്പാക്കാത്തതിനാൽ സെക്രട്ടറി കോടതിയലക്ഷ്യ നടപടികൾ നേരിട്ടു. | 1-29 |
| 30 | സേവാഗ്രാമം വാർഡ് കേന്ദ്രം-ഫർണിച്ചർ വാങ്ങൽ – സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-30 |
| 31 | ആധുനിക മത്സ്യ മാർക്കറ്റ് ഉപയോഗിക്കാതെ നശിക്കുന്നു. | 1-31 |
| 32 | അനധികൃത നിർമ്മാണം – ഹൈക്കോടതിയുടെ ഉത്തരവ് നടപ്പാക്കിയിട്ടില്ല | 1-32 |
| 33 | റയിൽവേ റിസർവേഷൻ കൌണ്ടർ-കമ്മീഷൻ തുക ലഭ്യമായില്ല | 1-33 |
| 34 | അനധികൃത നിർമ്മാണം- നമ്പർ അനുവദിച്ച കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കണം | 1-34 |
| 35 | മുൻകൂർ യഥാസമയം ക്രമീകരിക്കുന്നില്ല | 1-35 |
| 36 | കെ യു ആർ ഡി എഫ് സി ലോൺ തിരിച്ചടവ് – | 1-36 |

| | | |
|---|---|---|
| | അപാകതകൾ | |
| 37 | പേ വാർഡ് കെട്ടിടത്തിന്റെ വസ്തു നികുതി ഈടാക്കുന്നില്ല. | 1-37 |
| 38 | പ്രീമെട്രിക് ഹോസ്റ്റൽ ഫർണ്ണിച്ചർ വാങ്ങൽ -അപാകതകൾ | 1-38 |
| 39 | വീട് മെയിന്റനൻസ് (ജനറൽ) പദ്ധതി-അപാകതകൾ | 1-39 |
| 40 | അങ്കണവാടി ജീവനക്കാർക്ക് അധികവേതനം – ചെലവു രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു | 1-40 |
| 41 | ആരോഗ്യവിഭാഗം പേഴ്സണൽ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 1-41 |
| 42 | സർക്കാർ നിർത്തലാക്കിയ തസ്തികയിൽ നിയമനം നടത്തി – തനതു ഫണ്ടിൽ നിന്നും പ്രതിഫലം നൽകുന്നു | 1-42 |
| 43 | അനധികൃതമായി പാർക്ക് ചെയ്ത ടാർ മിക്സിംഗ് യൂണിറ്റ് സുരക്ഷിതമല്ലാത്ത രീതിയിൽ നീക്കം ചെയ്തതു മൂലം അപകടം സംഭവിച്ചു. | 1-43 |
| 44 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-44 |
| 45 | DR Masonary യിൽ സംരക്ഷണഭിത്തി നിർമ്മാണം – സാങ്കേതിക സർക്കുലറിലെ നിബന്ധന പാലിക്കാത്തതിനാൽ അധികച്ചെലവ് | 1-45 |
| | **ഭാഗം – 2** | |
| 46 | ക്വാർട്ടേഴ്സ് വാടക ശമ്പളത്തിൽ നിന്നും കുറവ് ചെയ്തില്ല – 8588/-രൂപ നഷ്ടം | 2-1 |
| | **ഭാഗം – 3** | |
| 47 | പത്താം ക്ലാസിലെ കുട്ടികൾക്ക് ട്യൂഷൻ സമയത്ത് ലഘുഭക്ഷണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3-1 |
| 48 | കിഴക്കേക്കര പി.എച്ച്.സി മെയിന്റനൻസ് -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-2 |
| 49 | തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി 2017-18 – നഷ്ടം 899593/- | 3-3 |
| 50 | തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി 2018-19 - നഷ്ടം 435146/- | 3-4 |
| 51 | centering &shuttering ന് ഉയർന്ന നിരക്ക് അനുവദിച്ചത് അധികച്ചെലവിനിടയാക്കി – നഷ്ടം 5318/- | 3-5 |
| 52 | ശാസ്തമംഗലം ആശ്രമം റോഡ് സംരക്ഷണ ഭിത്തി - അളവ് തെറ്റായി രേഖപ്പെടുത്തിയതു വഴി അധികം നൽകിയത് 10988/- | 3-6 |
| 53 | കാലി വീപ്പയുടെ വില ഈടാക്കിയില്ല നഷ്ടം 90482/- | 3-7 |
| 54 | ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3-8 |
| | **ഭാഗം- 4** | |
| 55 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 56 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 57 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 58 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 59 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 60 | ഓഡിറ്റ് റിക്കവറി | 4-6 |
| 61 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 62 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 63 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 64 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 65 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 66 | അക്കൗണ്ടസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | അനുബന്ധം2 |
| 67 | ബാലൻസ് ഷീറ്റ് | അനുബന്ധം3 |
| 68 | ഇൻകം &എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം4 |
| 69 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം5 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 32,16,82,109 | 32,76,91,482 |
| വാർഷിക കണക്ക് പ്രകാരം | 25,33,67,823 | 23,45,67,273 |

# 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 24.06.2019 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | വാർഷിക കണക്ക് പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം./ തീയതി |
|---|---|---|
| 2018-19 | 22.7.19, 23.7.19 | കെ.എസ്.എ. ഇ.കെ.എം (പി.ജി)/1367(1)/2019 തീയതി. 8.8.2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 51,411,497 |
| വരവ് | 253,367,823 |
| ആകെ | 304,779,320 |
| ചെലവ് | 234,567,273 |
| നീക്കിയിരിപ്പ് | 70,212.047 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവഴി ക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 0 | 27185989 | 27185989 | 26422227 | 0 | 763762 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6736000 | 6736000 | 5062604 | 0 | 1673396 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 555000 | 555000 | 401952 | 0 | 153048 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 22261000 | 22261000 | 22060017 | 0 | 200983 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 5802000 | 5802000 | 3992576 | 0 | 1809424 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 37116902 | 37116902 | 25938949 | 0 | 11177953 |
| സിൻഡിക്കേറ്റ് ബാങ്ക് ILCS | 2764731 | 964862 | 3729593 | 00 | 3729593 | 00 |
| സിൻഡിക്കേറ്റ് ബാങ്ക് എസ്.ഡബ്ല്യു.എം. | 1659972 | 58866 | 1718838 | 44080 | 1674758 | 00 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 962601 | 2189063 | 3151664 | 1734543 | 1417121 | 00 |
| സിൻഡിക്കേറ്റ് ബാങ്ക് എഫ്.ഡി. | 1785506 | 123085 | 1908591 | 00 | 1908591 | 00 |
| സിൻഡിക്കേറ്റ് ബാങ്ക് അർബൻ | 18060 | 640 | 18700 | 00 | 18700 | 00 |
| യൂണിയൻ ബാങ്ക് | 3546127 | 138632 | 3684759 | 00 | 3684759 | 00 |

| | | | | | | |
|---|---|---|---|---|---|---|
| കാനറാ ബാങ്ക് | 170982 | 6063 | 177045 | 00 | 177045 | 00 |
| കാനറാ ബാങ്ക് എഫ്.ഡി. | 3496031 | 97605 | 3593636 | 100012 | 3493624 | 00 |
| ഐ.സി.ഐ. സി.ഐ. | 415243 | 164654 | 579897 | 311741 | 268156 | 00 |
| ബാങ്ക് ഓഫ് ഇൻഡ്യ NSDP | 310811 | 11022 | 321833 | 00 | 321833 | 00 |
| ഐ.സി.ഐ. സി.ഐ.എൻ.യു. എൽ.എം. | 197262 | 976909 | 1174171 | 1031865 | 142306 | 00 |
| സിൻഡിക്കേറ്റ് ബാങ്ക് മീറ്റ് സ്റ്റാൾ | 192492.59 | 6825 | 199317.59 | 00 | 199317.59 | 00 |
| പഞ്ചാബ് നാഷ ണൽ ബാങ്ക് | 145674 | 5166 | 150840 | 00 | 150840 | 00 |
| ഇ.എം.എസ്. ഇ.ഡി. സി.ബി | 79952 | 11193 | 91145 | 00 | 91145 | 00 |
| ട്രഷറി അക്കൗണ്ട് റ്റി.പി.എ. | 614210 | 6000000 | 6614210 | 5904452 | 709758 | 00 |
| പി.എം.എ.വൈ. | 1790119 | 28370508 | 30160627 | 11903847 | 18256780 | 00 |
| റ്റി.എസ്.ബി ജനറൽ പർപ്പസ്. | 3788584 | 26059193 | 29847777 | 27434769 | 2413008 | 00 |
| തനത് ഫണ്ട് എസ്.ബി.റ്റി. | 27794728 | 102950911 | 130745639 | 100704241 | 30041398 | 00 |
| തനത് ഫണ്ട് ഇ ഡി സി ബി | 676434.22 | 336287 | 1012721.22 | 759972 | 252749.22 | 00 |
| തനത് ഫണ്ട് ഇ ഡി സി ബി | 491793 | 56232 | 548025 | 486793 | 61232 | 00 |
| ട്രഷറി സ്റ്റേഡിയം അക്കൗണ്ട് | 192452 | 00 | 192452 | 00 | 192452 | 00 |
| പെൻഷൻ ഫണ്ട് | 40077 | 00 | 40077 | 00 | 40077 | 00 |
| ഇ ഡി സി ബി കണ്ടിജന്റ് | 277633 | 25738 | 303371 | 272633 | 30738 | 00 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| [illegible] | [illegible] | [illegible] | [illegible] | | [illegible] | [illegible] |

| | | | | | | |
|---|---|---|---|---|---|---|
| 264 | 72610359 | 212 | 50329247 | -- | 52 | 80 |

.

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ/ തൊഴിൽ കൂലി | 962601 | 2189063 | 3151664 | 1734543 | 1417121 |
| ആകെ | 962601 | 2189063 | 3151664 | 1734543 | 1417121 |

# 1-8 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 218400 | 129 |
| കർഷകതൊഴിലാളി പെൻഷൻ | 898000 | 66 |
| വിധവാപെൻഷൻ | 12710000 | 1014 |
| വാർദ്ധക്യകാലപെൻഷൻ | 24383900 | 1834 |
| വികലാംഗപെൻഷൻ | 3492000 | 275 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 316800 | 24 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2019ന് ചീഫ് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 91956/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സുതാര്യവും ജനകീയവും വികസനപരവുമായ

പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം നഗരസഭയിൽ പ്രവർത്തിക്കുന്നുണ്ട്. നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. തന്മൂലം ഫയലുകളുടെ തീർപ്പാക്കൽ സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

4. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം നഗരസഭയിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.7.16 | 13-14മുതൽ 15-16 ആദ്യ പകുതിവരെ | ലഭ്യമാക്കിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.1.18 - 7.2.18 | 2015-16 - 2016-17 | 17.4,18 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുള്ള കെ.എസ്.എ. ഇ.കെ.എം (പി.ജി)/1367(1)/2019 തീയതി. 8.8.2019 നമ്പരായുള്ള ഓഡിറ്റ് സാക്ഷ്യപത്രത്തിൽ വിശദ വിവരങ്ങൾ ചേർത്തിട്ടുണ്ട്.

# 1-13 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർ ത്തിക്കുന്നു.

മൂവാറ്റുപുഴ നഗരസഭയിൽ 28 വാർഡുകളിലായി വാണിജ്യാവശ്യത്തിനായി സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം 7490 ആണ്. ലൈസൻസ് രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ നൽകിയിട്ടുള്ള ലൈസൻസുകളുടെ എണ്ണം 2312 ആണ്.

ഇതിൽ നിന്നും നഗരസഭപരിധിയിൽ നഗരസഭയുടെ അനുമതിയില്ലാതെ ധാരാളം വ്യാപാര വാണീജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. നഗരസഭപരിധിയിൽ ലൈസൻസില്ലാതെ മത്സ്യ-മാംസ വില്പന സ്റ്റാളുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.10/30.10.2019) ക്ക് ലൈസൻസില്ലാതെ 9 മത്സ്യ വില്പന സ്റ്റാളുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ലൈസൻസ് എടുക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി അവക്കെതിരെ കേരള മുനിസിപ്പാലിറ്റീസ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

# 1-14 സ്യൂട്ട് രജിസ്റ്ററും കേസ് സംബന്ധിച്ച ഫയലുകളും കൈകാര്യം ചെയ്തതിലെ അപാകതകൾ

നഗരസഭയുമായി ബന്ധപ്പെട്ട കേസ് ഫയലുകൾ പരിശോധിച്ചതിൽ നഗരസഭക്കെതിരെ ഒരു കേസ് വന്നാൽ തുടർ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട സെക്ഷനുകൾക്ക് ഉടൻതന്നെ കൈമാറുമെങ്കിലും യഥാസമയം കോടതി നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് നിരീക്ഷിക്കുകയോ മേൽനോട്ടം വഹിക്കുകയോ ചെയ്യുന്നതായി കാണുന്നില്ല. സ്യൂട്ട് രജിസ്റ്റർ വ്യക്തമായി എഴുതി സൂക്ഷിക്കുകയോ സിസ്റ്റത്തിൽ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ഏതെല്ലാം കോടതികളിൽ എത്ര കേസുകൾ നഗരസഭക്കെതിരെ നിലവിലുണ്ടെന്നോ ടി കേസുകളുടെ നിലവിലെ അവസ്ഥയെക്കുറിച്ചോ

സ്യൂട്ട് രജിസ്റ്ററിൽ നിന്നും വ്യക്തമല്ല. ഹൈക്കോടതി വിധിപുറപ്പെടുവിച്ച കേസിൽപ്പോലും സമയബന്ധിതമായി വിധിപ്രകാരം തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ നഗരസഭക്കുവേണ്ടി സെക്രറിക്ക് 3 കേസുകളിൽ 2018-19 വർഷത്തിൽ കോടതിയലക്ഷ്യനടപടികൾ നേരിടേണ്ടി വന്നിട്ടുള്ളതും തന്മൂലം അഡ്വക്കേറ്റ് ഫീസായി കൂടുതൽ തുക നൽകേണ്ടതായും വന്നിട്ടുണ്ട്(ഭാഗം 3 കാണുക). ഹൈക്കോടതിയിൽ നിലവിലുള്ള കേസുകൾ സംബന്ധിച്ച വിവരങ്ങൾ ഹൈക്കോടതിയുടെ വെബ്സൈറ്റിൽ നിന്നും സബോർഡിനേറ്റ് കോടതികളിലെ വിവരങ്ങൾ eCourtService-ൽനിന്നും ലഭ്യമാകുമെന്നിരിക്കെ കേസുകൾ സംബന്ധിച്ച പ്രസക്തമായ വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്താത്തത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെയും മോണിറ്ററിംഗ് നടത്താത്ത ഭരണവകുപ്പിന്റെ കൂടിയും വീഴ്ചയാണ്. ദേശീയ വ്യവഹാര നയത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ജില്ലാതല എംപവർകമ്മറ്റി മുമ്പാകെ നഗരസഭകൾ കക്ഷികളായ കോടതി കേസുകളുടെ നടത്തിപ്പ് സംബന്ധിച്ച അവലോകനം നടക്കുന്നില്ലായെന്ന യാഥാർത്ഥ്യം മേൽ വിവരിച്ചതിൽ നിന്നും വ്യക്തമാണ്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-15 തെരുവു വിളക്കുകൾ സാമഗ്രികൾ വാങ്ങൽ- അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തെരുവു വിളക്കുകൾ സാമഗ്രികൾ വാങ്ങൽ |
| പ്രോജക്ട് നമ്പർ | S0054/19 |
| ചെലവു വിവരം | ബിൽ നം 86/11.03.19രൂപ 572830/- |
| | ബിൽ നം 168/28.03.19രൂപ 49198/- |

S0054/19 -ാം നമ്പർ പ്രോജക്ട് പ്രകാരം തെരുവു വിളക്കുകൾക്കുള്ള സാമഗ്രികൾ ടെണ്ടർ ക്ഷണിച്ച് നാഷണൽ മാനുഫാക്ച്ചറിംഗ് & എഞ്ചിനിയറിംഗ് കമ്പനിയിൽ നിന്നും വാങ്ങിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1..ISI/ISO ഉള്ള ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ കാലാവധി വർഷങ്ങളോളം നിൽക്കുമ്പോഴാണ് നഗരസഭയിൽ ഇത് കണക്കാക്കാതെ വാങ്ങൽ നടത്തുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ഇനം | 17-18 ൽ വാങ്ങിയത് (16.01.18) | 18-19 ൽ വാങ്ങിയത് (17.01.19) | ആകെ | 17.10.19 വരെ (ഓഡിറ്റ് തീയതി) ഉപയോഗിച്ചത് | ബാക്കി |
|---|---|---|---|---|---|
| ചോക്ക് | 424 | 1600 | 2024 | 1296 | 728 |

| | | | | | |
|---|---|---|---|---|---|
| ഇഗ്നേറ്റർ | 300 | 600 | 900 | 422 | 478 |
| MV/SV ലാമ്പുകൾ | 100 | 250 | 350 | 293 | 57 |
| 40w /36w/28wട്യൂബ് | 1525 | 2500 | 4025 | 3421 | 604 |

ട്യൂബ് ഒഴികെയുള്ളവയ്ക്ക് വാറണ്ടിയുള്ളതിനാൽ കേടുപറ്റുന്നവ റിപ്പയർ ചെയ്ത് ഉപയോഗിക്കുകയോ വാറണ്ടികാലയളവിൽ കേടുപറ്റുന്നവ വാങ്ങിയ സ്ഥാപനത്തിൽ നിന്നും റീപ്ലേയ്സ് ചെയ്ത് വാങ്ങുകയോ ചെയ്യാവുന്നതാണ്. എന്നാൽ തെരുവ് വിളക്ക പരിപാലനത്തിന് കരാർ ഏറ്റെടുത്തയാൾ കേടുവന്ന ഉപകരണങ്ങൾ നഗരസഭയിൽ തിരികെ ഏല്പിക്കാത്തതിനാൽ വാറണ്ടികാലയളവിൽ കേടുപറ്റിയവ വാങ്ങിയ സ്ഥാപനത്തിൽ നിന്നും റീപ്ലേസ് ചെയ്ത് വാങ്ങുവാൻ സാധിക്കാതെ വന്നതും അധികച്ചെലവിനിടയാക്കുന്നു.

2.സ്റ്റോർ പർച്ചേസ് മാന്വൽ ചട്ടങ്ങൾ പാലിക്കാതെ ആവശ്യത്തിലധികം സാധനങ്ങൾ വാങ്ങുന്നു.

27.10.18 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ച പുതുക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്.

| ഇനം | എണ്ണം |
|---|---|
| ട്യൂബ് | 1598 |
| CFL | 729 |
| LED | 100 |
| MV/SV ലാമ്പ് | 362 |

2017-18 വർഷത്തെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് ടെണ്ടർക്ഷണിച്ചപ്പോൾ കാണിച്ചിരിക്കുന്ന ട്യൂബ് ലൈറ്റുകളുടെ എണ്ണം 1598 തന്നെയാണ്. പിന്നീട് 2017-18വർഷത്തെ S0108/18 -ാം നമ്പർ പ്രോജക്റ്റ് പ്രകാരം 312 സിംഗിൾ ട്യൂബ്സെറ്റ് വാങ്ങിയിട്ടുണ്ടെങ്കിലും സ്ഥാപിച്ചിരിക്കുന്നത് 2018-19 ലാണ്. ഇത് ഉൾപ്പെടെ ആകെ വരുന്നത് 1910 എണ്ണമാണ്. മേൽപ്പറഞ്ഞ 312 സിംഗിൾ ട്യൂബ്സെറ്റിന് ഒരു വർഷത്തെ വാറണ്ടിയുണ്ട്. അതിനാൽ 1598 ട്യൂബ് ലൈറ്റുകളുടെ അറ്റകുറ്റപ്പണിക്ക് ആവശ്യമാകുന്ന സാധനങ്ങൾ വാങ്ങിയാൽ മതിയാകും. നിലവിൽ ട്യൂബ്ലൈറ്റ് 4200 എണ്ണം, CFL 840 എണ്ണം , SVL 500 എന്നതാണ് ഏകദേശ എണ്ണം എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്. മറുപടിയിൽ സൂചിപ്പിക്കും വിധം കൂടുതലായി വന്നിട്ടുള്ള തെരുവ് വിളക്കുകൾ വാങ്ങുന്നതിനോ സ്ഥാപിക്കുന്നതിനോ തുക ചെലവഴിച്ചതായി കാണുന്നില്ല. അതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

a) 1598 ട്യൂബ് ലൈറ്റുകളുടെ അറ്റകുറ്റപ്പണിക്ക് ആവശ്യമാകുന്ന പരമാവധി ട്യൂബുകളുടെ എണ്ണം 1598 ആണ്. എന്നാൽ ഇവയുടെ റിപ്പയറിംഗിന് 17.1.19 ൽ 2500 എണ്ണമാണ് വാങ്ങിയിരിക്കുന്നത്. അതുപോലെ ഇവയ്ക്ക് ആവശ്യമാകുന്ന പരമാവധി ചോക്കുകളുടെ എണ്ണം 1598 ആണ്. എന്നാൽ ഇവയുടെ റിപ്പയറിംഗിന് 48 എണ്ണം സ്റ്റോക്കിൽ ശേഷിക്കെ 17.1.19 ൽ വീണ്ടും 1600 എണ്ണം വാങ്ങിയിരിക്കുന്നു. വാങ്ങിക്കുന്ന ചോക്കുകൾക്ക് ഒരു വർഷ വാറന്റിയുള്ളതിനാൽ ഇത്രയെണ്ണം വാങ്ങുന്നതിന്റെ ആവശ്യമില്ല.

b)1598 ട്യൂബ് ലൈറ്റുകൾക്ക് ആവശ്യമാകുന്ന സ്റ്റാർട്ടറുകളുടെ പരമാവധി എണ്ണം 1598 ആണ്. എന്നാൽ ഇവയുടെ റിപ്പയറിംഗിന് 2300 എണ്ണം സ്റ്റോക്കിൽ ശേഷിക്കെയാണ് 17.1.19 ൽ വീണ്ടും 3000 എണ്ണം വാങ്ങിയിരിക്കുന്നത്. വാങ്ങിക്കുന്ന സ്റ്റാർട്ടറുകൾക്ക് ഒരു വർഷ വാറന്റിയുള്ളതിനാൽ ഇത്രയെണ്ണം വാങ്ങുന്നതിന്റെ ആവശ്യമില്ല.

c) MV/SV ലാമ്പുകൾ തെളിയിക്കുന്നതിനാണ് ഇഗ്നേറ്റർ. നഗരസഭയിൽ ഇത്തരത്തിലുള്ള 362 ലാമ്പുകളാണുള്ളത്. ഇതിന് ആവശ്യമാകുന്ന പരമാവധി ഇഗ്നേറ്ററുകളുടെ എണ്ണം 362 ആണ്. എന്നാൽ ഇവയുടെ റിപ്പയറിംഗിന് 106 എണ്ണം സ്റ്റോക്കിൽ ശേഷിക്കെയാണ് 17.1.19 ൽ വീണ്ടും 600 എണ്ണം വാങ്ങിയിരിക്കുന്നത്.

മേൽപ്പറഞ്ഞതരത്തിൽ വാർഷികാവശ്യം പരിഗണിക്കാതെ വാങ്ങൽ നടത്തുന്നത് അധികച്ചെലവിനിടയാക്കുന്നു. കൂടാതെ ആവശ്യത്തിലധികം വാങ്ങിയത് ഉപയോഗിക്കാത്തതിനാൽ വാറണ്ടികാലയളവും നഷ്ടപ്പെടാൻ ഇടവരുത്തുന്നു.
തെരുവ് വിളക്കുകൾക്കുള്ള സാധനങ്ങൾ വാങ്ങുന്നത് പ്രോജക്ട്(പദ്ധതി) വഴിയാണെന്നും അതാത് വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി അതാത് വർഷം തന്നെ വാങ്ങേണ്ടി വരുന്നതിനാലാണ് എണ്ണം കൂടുതൽ സ്റ്റോക്കിൽ വരുന്നതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ഇതിൽ നിന്നും വാർഷികാവശ്യം പരിഗണിക്കാതെയാണ് വാങ്ങൽ നടത്തുന്നത് എന്നാണ് വ്യക്തമാകുന്നത്.

3.വാങ്ങിയിട്ട് വർഷങ്ങളായ ഇലക്ട്രിക്ക് ഉപകരണങ്ങൾ ഓഡിറ്റ് തീയതിയിലും ഉപയോഗിക്കാതെ ശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | വാങ്ങിയ തീയതി | വാങ്ങിയ എണ്ണം | ഉപയോഗിച്ചത് | 17.10.19 ൽ ശേഷിക്കുന്നത് |
|---|---|---|---|---|
| Boom light | 5.10.15 | 48 | 32 | 16 |
| 70w SV lamp | 18.03.16 | 60 | 51 | 9 |
| 2x11w CFL fitting with accessories | 5.10.15 | 50 | 44 | 6 |

ശേഷിക്കുന്ന ഉപകരണങ്ങൾ ആവശ്യം വരുന്ന മുറയ്ക്ക് ഉപയോഗിക്കുന്നതാണ് എന്നാണ് മറുപടിയിൽ അറിയിച്ചിരിക്കുന്നത്. മൂന്നും നാലും വർഷം മുൻപ് വാങ്ങിയ സാധനങ്ങൾ

ഇപ്പോഴും ഉപയോഗിക്കാത്തത് വാർഷികാവശ്യം പരിഗണിക്കാതെ വാങ്ങൽ നടത്തിയതിന് മറ്റൊരുദാഹരണമാണ്. അതിനാൽ ഇലക്ട്രിക്ക് ഉപകരണങ്ങളുടെ വാങ്ങൽ നടത്തുമ്പോൾ മേൽപ്പറഞ്ഞ അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 പത്താം ക്ലാസിലെ കുട്ടികൾക്ക് ട്യൂഷൻ സമയത്ത് ലഘുഭക്ഷണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പ്രോജക്ട് നമ്പർ - 164/19

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ് ഗവൺമെന്റ് ഹൈസ്കൂൾ മൂവാറ്റുപുഴ

അടങ്കൽ - 1,00,000 വികസന ഫണ്ട് ജനറൽ

ബിൽ നമ്പർ 2/19- 22.11.18 - 48048/-

5/19- 15.3.19 - 45408/-

2018-19 ൽ മൂവാറ്റുപുഴ ഗവൺമെന്റ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പത്താം ക്ലാസിലെ കുട്ടികൾക്ക് ട്യൂഷൻ സമയത്ത് ലഘുഭക്ഷണം-എന്ന പദ്ധതിക്കായി 93456 രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (എംഎസ്)22/18, തിയതി 14.2.18 പ്രകാരം ഇത്തരം പദ്ധതി ഏറ്റെടുക്കാവുന്നതായി കാണുന്നില്ല. കൂടാതെ പ്രസ്തുത മാർഗ്ഗരേഖയിൽ പറഞ്ഞിട്ടില്ലാത്ത ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി നേടിയിരിക്കണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം മുൻകൂർ അനുമതി വാങ്ങിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ പദ്ധതി രൂപീകരണ ഫോറം 3-ലെ ഖണ്ഡിക IV വിഷയമേഖല അടിസ്ഥാനത്തിലുള്ള പരിശോധനയും സാക്ഷ്യപത്രവും - എന്നതിൽ പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമാണോ എന്ന ചോദ്യത്തിന് "അല്ല" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതികൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ മാത്രം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിശദാംശങ്ങൾ ഭാഗം-3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-17 എ.ബി.സി പ്രോഗ്രാം -തെരുവ് നായ നിയന്ത്രണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പ്രോജക്ട് നമ്പർ -7/19, നിർവ്വഹണ ഉദ്യോസ്ഥൻ - സെക്രട്ടറി

ബിൽ നമ്പർ-52/19/31.8.18 -200000/-

നഗരസഭയിലെ തെരുവ് നായ്ക്കളെ വന്ധ്യംകരണം ചെയ്യുന്നതിന് കുടുംബശ്രീ ജില്ലാമിഷൻകോ-ഓഡിനേറ്റർക്ക് മുൻകൂറായി 200000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് വിജയകരമായി നടപ്പിലാക്കിയതിന് കൃത്യമായ രേഖകൾ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഈ തുക വിനിയോഗിച്ച് 96 നായ്ക്കളെ വന്ധീകരിച്ചതായി ജില്ലാമിഷൻ കോ-ഓഡിനേറ്റർ 3.4.2019 ൽ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. കൂടാതെ 14.3.2019 മുതൽ 27.3.2019 വരെ 96 നായ്ക്കളെ വന്ധീകരിച്ചതായി മുനിസിപ്പൽ സെക്രട്ടറിയുടെ സാക്ഷ്യപത്രവുമാണ് തുക വിനിയോഗിച്ചതിന് സാധൂകരണ രേഖയായി ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ളത്. ഈ പ്രോജക്ടിനായി മേൽ പറഞ്ഞവിധം 200000/- രൂപ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. കുടുംബശ്രീ മിഷനുമായി ഏർപ്പെട്ടിട്ടുള്ള എഗ്രിമെന്റ് പ്രകാരം എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ABC പ്രവർത്തനങ്ങൾക്കായി പ്രാദേശികമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഇങ്ങനെ ഒരു കമ്മിറ്റി രൂപീകരിച്ചതായോ മോണിറ്ററിംഗ് റിപ്പോർട്ടോ ഫയലിൽ ഇല്ല. വാർഡ് കൗൺസിലർമാരുടെ സഹകരണത്തോടെ വിവിധ പ്രദേശങ്ങളിൽ നിന്നും നായ്ക്കളെ പിടികൂടുകയും സർജ്ജറിക്ക് ശേഷം പിടിച്ച സ്ഥലത്തുതന്നെ തിരികെ വിടുന്നതുമാണ്. എന്നാൽ ഏതെല്ലാം വാർഡുകളിൽ നിന്ന് എത്രവീതം നായ്ക്കളെ പിടികൂടി വന്ധ്യംകരണം ചെയ്തു എന്ന് സൂചിപ്പിക്കുന്ന കൃത്യമായ മോണിറ്ററിംഗ് ഇല്ലാതെ മുൻകൂറായി നൽകിയ തുകയ്ക്ക് അനുസൃതമായി നായ്ക്കളുടെ എണ്ണം ചേർക്കുന്ന പ്രക്രിയ മാത്രമാണ് നടക്കുന്നത്. കൃത്യമായ മോണിറ്ററിംഗ് നടത്തി അധികം തുക നൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (14/28.10.19) ന് മറുപടി ലഭ്യമാക്കിയില്ല. വ്യക്തമായ രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതിക്കായി 200000/- രൂപ ചെലവഴിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-18 പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പി.വി.സി.വാട്ടർ ടാങ്ക് -ഗുണഭോക്തൃ വിഹിതം ചെലവഴിച്ചത് - ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

പ്രോജക്ട് നമ്പർ -67/19, നിർവ്വഹണ ഉദ്യോസ്ഥൻ- സെക്രട്ടറി അടങ്കൽ - 12000/-, (ടി.എസ്.പി- 9000, ഗുണഭോക്തൃ വിഹിതം -3000)

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പി.വി.സി വാട്ടർ ടാങ്ക് -പദ്ധതി പ്രകാരം 4 ഗുണഭോക്താക്കൾക്കായി 3000/-രൂപ നിരക്കിൽ 500ലിറ്ററിന്റെ 4 വാട്ടർ ടാങ്കുകൾ വാങ്ങി

വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി ടി.എസ്.പി ഫണ്ടിൽ നിന്നും ബിൽ നമ്പർ 112/18-19 തീ. 12.2.19 പ്രകാരം 9000/- രൂപയും ചെക്ക് നമ്പർ 641712/15.2.19 പ്രകാരം ഗുണഭോക്തൃവിഹിതം 3000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെക്ക് പ്രകാരം ചെലവഴിച്ച 3000/- രൂപയുടെ ചെലവ് വിവരം ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (16/28.10.19) ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ചെലവ് -ചെലവ് പത്രികയിൽ ഉൾപ്പെടുത്തുവാൻ വിട്ട് പോയിട്ടുള്ളതാണെന്നറിയിച്ചിട്ടുണ്ട്. എല്ലാ ചെലവുകളും ചെലവ് പത്രികയിൽ ഉൾപ്പെടുന്നു എന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

# 1-19 ഓപ്പറേറ്റിംഗ് സിസ്റ്റം ഫോർ ലാപ് ടോപ്പ്- അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ -44/19, നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ - 73023/-

2017-18 ലെ പ്രോജക്ട് നമ്പർ 106/17-18 പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചനീയർ എന്നിവർക്ക് ലാപ് ടോപ്പുകൾ വാങ്ങി നൽകിയിരുന്നു. എന്നാൽ ആയത് വാങ്ങിയപ്പോൾ ഓപ്പറേറ്റിംഗ് സിസ്റ്റം ലൈസൻസില്ലാതെയാണ് വാങ്ങിയിരുന്നതെന്ന് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. മേൽ പ്രോജക്ട് പ്രകാരം പ്രസ്തുത ലാപ്പുകൾക്ക് W-10 പ്രൊഫഷണൽ ലൈസൻസ്ഡ് ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങി ഇൻസ്റ്റാൾ ചെയ്തതിന് 29500രൂപ ഇൻസൈറ്റ് സിസ്റ്റംസ് തൊടുപുഴ എന്ന സ്ഥാപനത്തിന് ബിൽ നമ്പർ 67/18-19 12.10.18പ്രകാരം നൽകിയിട്ടുണ്ട്. ലൈസൻസ്ഡ് ഓപ്പറേറ്റിംഗ് സിസ്റ്റം ഇല്ലാത്ത ലാപ്പുകൾ വാങ്ങിയത് അധിക ചെലവിനിടയാക്കിയതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (17/28.10.19) ന് മറുപടി ലഭ്യമാക്കിയില്ല. കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ എന്നിവ വാങ്ങുമ്പോൾ ലൈസൻസ്ഡ് ഓപ്പറേറ്റിംഗ് സിസ്റ്റം ഉള്ളവ വാങ്ങുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-20 കിഴക്കേക്കര പി.എച്ച്.സി മെയിന്റനൻസ് -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ -70/19, നിർവ്വഹണ ഉദ്യോസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ - 150000, കരാറുകാരൻ- എം. ബഷീർ, ബിൽ നമ്പർ - 112/19/ 22.3.19- 141517

കിഴക്കേക്കര പി.എച്ച്.സി മെയിന്റനൻസ് എന്ന പ്രവർത്തിയുടെ അളവ് പുസ്തകം 70/18-19 പുറം 11 പ്രകാരം ഇനം 2.1 ആയി ഇന്റർ ലോക്കിംഗ് കോൺക്രീറ്റ് പേവ്മെന്റ് എന്നയിനം താഴെപറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

$4.8 \times (4.6+3.15)/2 = 18.6m^2$

$2.1 \times (2.25+2.15)/2 = 4.62m^2$

$1.8 \times 0.3 = 0.54m^2$

$4 \times 2.65 = 10.60m^2$

ആകെ $34.36m^2$ എന്നാൽ അളവ് പുസ്തകത്തിൽ ഈയിനം $35.96m^2$ എന്ന് തെറ്റായി രേഖപ്പെടുത്തുകയും മൂല്യനിർണ്ണയം നടത്തിയപ്പോൾ $35.8m^2$ ൽ പരിമിതപ്പെടുത്തി $1060.56/m^2$ നിരക്കിൽ തുക നൽകിയിട്ടുണ്ട്. തന്മൂലം $1.44m^2$ന് മേൽ സൂചിപ്പിച്ച നിരക്കിൽ അധികം തുക നൽകിയിട്ടുള്ളതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (25/29.10.19) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച വിധം അധികം നൽകിയ 1527/- രൂപയിൽ ( $1.44m^2 \times 1060.56/m^2$) ടെണ്ടർ ഡിഡക്ഷൻ 5.29% കിഴിച്ച് 1446/- രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 1-21 മരാമത്ത് പ്രവൃത്തികൾ - നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് പിഴ ഈടാക്കിയിട്ടില്ല.

നഗരസഭയിൽ നടപ്പിലാക്കിയ മരാമത്ത് ഫയലുകൾ പരിശോധിച്ചതിൽ നിശ്ചിത സമയ പരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് പിഴ ഈടാക്കിയിട്ടില്ല. കരാറുകാർ സെലക്ഷൻ നോട്ടീസ് കൈപ്പറ്റുന്ന തീയതി ഫയലുകളിലൊന്നും തന്നെ രേഖപ്പെടുത്താറില്ല. ആയതിനാൽ നോട്ടീസ് തീയതിയിൽ തന്നെ കൈപ്പറ്റിയിട്ടുള്ളതായി കണക്കാക്കാവുന്നതാണ്. സർക്കാർ ഉത്തരവ് (പി) 13/12/പി.ഡബ്ല്യൂ.ഡി/ 1.12.2012 പ്രകാരം പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം പിഴയില്ലാതെയും തുടർന്നുള്ള 10 ദിവസത്തിനകം 1% പിഴയോടുകൂടിയും കരാർ വെക്കാവുന്നതാണ്. അല്ലാത്തപക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി കണ്ടുകെട്ടേണ്ടതാണ്. എന്നാൽ നഗരസഭയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ

വെക്കാതിരുന്നിട്ടും പിഴ ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | നോട്ടീസ് കൈപ്പറ്റിയ തീയതി/ കരാറുകാരന്റെ പേര് | എഗ്രിമെന്റ് വെക്കേണ്ട തിയതി | എഗ്രിമെന്റ് വെച്ച തിയതി | എഗ്രീഡ് പി.എ.സി | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|---|---|
| 1 | 105/19 തർബിയസ് റോഡ് ആസാദ് റോഡ് | ഹിലാർ.വി.എം 3.8.18 | 17.8.18 | 5.9.18 | 418956 | 4189 |
| 2 | 81/19 ജെ.ബി.സ്കൂൾ ഓപ്പൺ സ്റ്റേജ് നിർമ്മാണം | അബു.എം 15.10.18 | 29.10.18 | 19.12.18 | 259998.96 | 2599 |
| 3 | 281/19 ഉറവക്കുഴി തൈക്കാവ് റോഡ് | അബു.എം 15.10.18 | 29.10.18 | 20.12.18 | 599525 | 5995 |
| 4 | 139/19 കനാൽ ബണ്ട് റോഡ് സംരക്ഷണഭിത്തി വാർഡ് - 2,3 | ശ്രീ സിറാജ്. എൻ.ഇ 3.8.2018 | 21.8.18 | 12.9.18 | 264864 | 2648 |
| **ആകെ** | | | | | | **15431** |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (26/29.10.19) ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച വിധം പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ വരവ് വെക്കേണ്ടതാണ്.

# 1-22 ലൈഫ് & പി.എം.എ.വൈ ഭവന പദ്ധതി - ആനുകൂല്യം കൈപ്പറ്റിയവർ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.

സെക്രട്ടറി നടപ്പിലാക്കിയ ലൈഫ് & പി.എം.എ.വൈ ഭവന പദ്ധതി ( പ്രോജക്ട് നമ്പർ 133/19) പ്രകാരം ആനുകൂല്യ കൈപ്പറ്റിയവരിൽ താഴെ പറയുന്നവർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | ആനുകൂല്യം കൈപ്പറ്റിയവരുടെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ബീന സലിം പൈനായിൽ, വാർഡ്- X | 360000 |

| | | |
|---|---|---|
| 2 | സ്മിത സജീവ്, കരിങ്ങാപ്പള്ളിൽW- I | 40000 |
| 3 | ബിജീഷ് മണിയംകുളം XXIV | 200000 |
| 4 | വിജയകുമാരി, കൊല്ലപ്പറമ്പിൽ XIX | 200000 |
| 5 | മറിയക്കുട്ടി തോമസ്, മരോട്ടിക്കൽ XXVIII | 40000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/29.10.19) ലഭ്യമാക്കിയ മറുപടിയിന്മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് കാര്യക്ഷമമായ ഇടപെടൽ നടത്തേണ്ടതാണ്.

# 1-23 സ്റ്റേഡിയം - അനുബന്ധ സൗകര്യങ്ങൾ പ്രവൃത്തി - നിശ്ചിതമൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ വെച്ചില്ല.

പ്രോജക്ട് നമ്പർ- 249//19

സ്റ്റേഡിയം അനുബന്ധ സൗകര്യങ്ങൾ, അടങ്കൽ -4709203 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) എഗ്രീഡ് പി.എ.സി - 4121876.78

കരാറുകാരൻ - ശ്രീ അൻസാർ മുണ്ടാട്ട്.

സ്റ്റേഡിയം അനുബന്ധ സൗകര്യങ്ങൾ- എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച ശ്രീ അൻസാർ മുണ്ടാട്ട് എന്നയാളുടെ ഐറ്റം റേറ്റിലുള്ള ടെണ്ടർ അംഗീകരിച്ച് 12.2.2018 ൽ 113/AEE/17-18 നമ്പറായി കരാർ വെച്ചിട്ടുണ്ട്. എന്നാൽ 200രൂപ മുഖവിലയുള്ള മുദ്രപത്രത്തിൽ മാത്രമാണ് കരാർ വെച്ചിട്ടുള്ളത്. പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2010, കേരള ഫിനാൻസ് ആക്ട് 2018(4) (a) (f) പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്ക് കരാർ തുകയുടെ 0.1%മൂല്യമുള്ള മുദ്രപ്പത്രത്തിൽ മിനിമം 200 രൂപ പരമാവധി ഒരു ലക്ഷം എന്ന പരിധിക്ക് വിധേയമായി കരാർ ചമയ്ക്കേണ്ടതാണ്. എന്നാൽ ഈ പ്രവർത്തിക്കായി 200 രൂപയുടെ മുദ്ര പത്രത്തിൽ മാത്രം കരാർ വെച്ചതിനാൽ മുദ്രപത്രവിലയിനത്തിൽ സംസ്ഥാന സർക്കാറിന് 3900രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായും കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/30.10.19) മറുപടി ലഭ്യമാക്കിയില്ല. മുദ്രപത്ര വിലയിനത്തിൽ നഷ്ടമായ തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

# 1-24 കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി മുഖേനയുള്ള നിക്ഷേപ പ്രവർത്തികൾ -

# പൂർത്തീകരണ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾക്കായി വാട്ടർ അതോറിട്ടി/കെ.എസ്.ഇ.ബി എന്നിവയ്ക്ക് മുൻകൂറായി പണം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | പരാമർശം |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | 79/19 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ വലിക്കൽ | 21801749/ 20.10.18 | 531000 | 00 | 531000 | പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയില്ല. |
| | | 21801773/ 10.11.18 | 100000 | 00 | 100000 | |
| | | 21801964/ 20.3.19 | 569000 | 00 | 569000 | |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 56/19 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 21801738/ 12.9.18 | 691654 | 00 | 691654 | പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയില്ല |
| | | 21801750/ 24.10.18 | 13789 | 00 | 13789 | |
| | | 21801791/ 1.12.18 | 175791 | 00 | 175791 | |
| | | 21801889/ 12.2.19 | 18766 | 00 | 18766 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (35/30.10.19) ന് മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മേൽ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച 2100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-25 വീട് അറ്റകുറ്റപ്പണി - സർക്കാർ ഉത്തരവിന് വിരുദ്ധമായി കൗൺസിൽ തീരുമാനം

13-ാം പഞ്ചവത്സര പദ്ധതിയിൽ വിവിധ പദ്ധതികളിൽ ആനുകൂല്യം നൽകുന്നതിന്റെ

മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 22/2018 ത സ്വ ഭ വ തീയതി 14.02.2018 പ്രകാരം വീടിന്റെ മെയിന്റനൻസ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എഞ്ചിനിയർ പരിശോധിച്ചതിന് ശേഷമായിരിക്കണം സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്. അവസാന ഗഡു നൽകുന്നതിന് മുൻപ് പണി പൂർത്തീകരിച്ച് എൽ എസ് ജി ഡി എഞ്ചിനിയർ പരിശോധിച്ച് മൂല്യനിർണ്ണയം നടത്തുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം സബ്സിഡി തുക നൽകേണ്ടത്. എന്നാൽ മൂവാറ്റുപുഴ നഗരസഭയിൽ വീട് മെയിന്റനൻസിന് ആനുകൂല്യം നൽകുമ്പോൾ ബില്ലുകളും വൌച്ചറുകളും ഗുണഭോക്താക്കൾ ഹാജരാക്കണമെന്ന് നിർബന്ധിക്കാതെ കൌൺസിലർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡു അനുവദിക്കുന്നതിന് തീരുമാനം എടുക്കുകയും ഇപ്രകാരം ആനുകൂല്യം വിതരണം ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി കൌൺസിൽ തീരുമാനമെടുത്ത് പദ്ധതികൾ നടപ്പിലാക്കുന്നത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-26 പട്ടികജാതി കുടുംബങ്ങൾക്ക് പി വി സി വാട്ടർടാങ്ക് പദ്ധതി- അപാകതകൾ

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി കുടുംബങ്ങൾക്ക് പി വി സി വാട്ടർടാങ്ക് |
| പ്രോജക്ട് നം | S0122/2019 |
| നിർവ്വഹണം | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ ലഘൂകരണ സെൽ |
| അടങ്കൽ | 112000/-(84,000/- എസ് സി പി,<br>28000/-ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 84375/- |
| ബിൽ നമ്പർ/ചെക്ക് നമ്പർ | 51/18-19 തീയതി 25.02.2019 തുക 77,625/-<br>71/18-19 തീയതി 21.03.2019 തുക 5,062/-<br>738996 തീയതി 30.03.2019 തുക 1,688/- |

മേൽ പദ്ധതിയിൽ 3375/- രൂപ നിരക്കിൽ 25 ഗുണഭോക്താക്കൾക്ക് പി വി സി വാട്ടർടാങ്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 22/2018 ത സ്വ ഭ വ തീയതി 14.02.2018 പ്രകാരം ഈയിനത്തിലെ സബ്സിഡി പരമാവധി 3000/- രൂപയ്ക്ക് വിധേയമായി 75% ആണ്. 3375/-രൂപയുടെ 25% ആയ 844/- രൂപ വീതം ആകെ 21100/-രൂപ ഗുണഭോക്തൃവിഹിതമിനത്തിൽ ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കിയിട്ടുണ്ടെങ്കിലും പദ്ധതിയിൽ തൻവർഷം ചെലവഴിച്ച 82687/-രൂപയും പ്ലാൻഫണ്ടിൽ നിന്നാണ് അടവാക്കിയത്. വൌച്ചർ നമ്പർ 157-3/19 തീയതി 30.03.2019

പ്രകാരം 1688/-രൂപ ഗുണഭോക്തൃവിഹിതത്തിൽ നിന്നും ചെക്ക് നമ്പർ 738996 മുഖേന വാട്ടർ ടാങ്ക് സപ്ലൈ ചെയ്ത M/S Carris Pipes and Tubes Pvt Limited എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും ആയത് സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതിയിൽ 63275/- രൂപ മാത്രമാണ് പ്ലാൻ ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതെന്നിരിക്കെ ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടും ആയതിൽ നിന്നും തുക ചെലവഴിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് 21.10.2019 ൽ നൽകിയ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അവശേഷിക്കുന്ന തുക പ്ലാൻ ഫണ്ടിലേക്ക് തിരിച്ചടക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. **തുക അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.**

## 1-27 ജവഹർലാൽ നെഹ്റു ജന്മ ശതാബ്ദി ഭവന നിർമ്മാണ പദ്ധതി - പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | ജവഹർലാൽ നെഹ്റു ജന്മ ശതാബ്ദി ഭവന നിർമ്മാണം |
| പ്രോജക്ട് നം | S0249/19 |
| നിർവ്വഹണം | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ ലഘൂകരണ സെൽ |
| അടങ്കൽ | 180000/-(വികസന ഫണ്ട്-സാധാരണം) |
| ചെലവ് | 120000/- |
| ബിൽ നമ്പർ | 3/18-19 തീയതി 28.05.19 തുക 40,000/-<br>4/18-19 തീയതി 12.06.2018 തുക 60,000/-<br>33/18-19 തീയതി 17.01.19 തുക20,000/- |

2015-16 വർഷം ആരംഭിച്ച് സ്പിൽ ഓവറായി തുടരുന്ന ജവഹർലാൽ നെഹ്റു ജന്മ ശതാബ്ദി ഭവന നിർമ്മാണ പദ്ധതിയിൽ നഗരസഭയിലെ 28 വാർഡുകളിലും ഓരോ വീട് വീതം നിർമ്മിക്കുന്നതിന് 2,00,000/- രൂപ ആനുകൂല്യം നൽകുന്നതാണ് പദ്ധതി. തൻവർഷം 120000/- രൂപ പദ്ധതിയിൽ ചെലവ് വന്നിട്ടുണ്ട്. പദ്ധതിയുടെ 12-ാം വാർഡിലെ ഗുണഭോക്താവായ ഓമന ഗോപാലൻ, തൈക്കൂട്ട് എന്ന വ്യക്തി 28.07.2017, 13.03.18, 12.06.18 എന്നീ തീയതികളിൽ യഥാക്രമം 20,000/-, 60,000/-, 60,000/- എന്നിങ്ങനെ ആകെ 1,40,000/- രൂപ(17-18 വർഷം കൈപ്പറ്റിയതുൾപ്പെടെ) കൈപ്പറ്റിയെങ്കിലും നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 30.10.2019 ലെ 37-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വിവിധ തീയതികളിൽ സാധാരണ നോട്ടീസായും 01.02.2019 ൽ രജിസ്റ്റേഡ് ആയും നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിക്കുകയോ അല്ലാത്ത പക്ഷം 12% പലിശ സഹിതം തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

# 1-28 ഹൈക്കോടതിയിൽ സ്റ്റേ നിലവിലുള്ളപ്പോൾ നഗരസഭയുടെ താല്പര്യത്തിനെതിരെ കേസ് തീർപ്പാക്കി.

വീടിന്റെ മുറ്റത്തെ കൂട്ടിൽ വളർത്തിയിരുന്ന കാടകോഴികൾ, മുയൽ, കോഴികൾ എന്നിവയെ തെരുവ് നായ്ക്കൾ കൂട്ടമായി വന്ന് കൂട് ആക്രമിച്ച് കൊന്നുവെന്നും 10000/-രൂപ നഷ്ടം വന്നിട്ടുണ്ടെന്നും തെരുവ് നായ്ക്കളെ നിയന്ത്രിക്കുവാൻ ചുമതലപ്പെട്ട നഗരസഭ നഷ്ടപരിഹാരമായി ടി തുക നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീ.അലിയാർ എന്ന വ്യക്തി സെക്രട്ടറിക്ക് സമർപ്പിച്ച അപേക്ഷ നിരസിച്ചതിനെത്തുടർന്ന് പെർമനന്റ് ലോക് അദാലത്തിൽ O.P.64/2015 ആയി ഫയൽ ചെയ്ത ഹർജിയിൽ നഷ്ടപരിഹാരവും ചെലവുൾപ്പെടെ 11,400/-രൂപ എതിർ കക്ഷിയായ നഗരസഭ ഹർജിക്കാരന് നൽകണമെന്ന് 15.01.2016-ൽ പെർമനന്റ് ലോക് അദാലത്ത് അവാർഡായിട്ടുള്ളതാണ്. പെർമനന്റ് ലോക് അദാലത്ത് അവാർഡായിട്ടുള്ള തുക നഗരസഭയിൽനിന്നും ഈടാക്കുന്നതിന് മൂവാറ്റുപുഴ മുൻസിഫ് കോടതിയിൽ E.P.52/2016 നമ്പരായി എക്സിക്യൂഷൻ ഹർജി ഫയൽ ചെയ്യുകയും ചെയ്തിരുന്നതാണ്. മേൽ അവാർഡിനെതിരെ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് 19.12.2016-ൽ 601080 നമ്പർ ചെക്ക് പ്രകാരം 10000/-രൂപ അഭിഭാഷകന് നൽകിയിട്ടുള്ളതും 02.01.2017-ൽ WP(C) 98/2017 നമ്പരായി അപ്പീൽ ഫയൽ ചെയ്തിരുന്നതും 28.02.2018-ൽ പെർമനന്റ് ലോക് അദാലത്തിന്റെ അവാർഡ് 3 ആഴ്ചത്തേക്ക് സ്റ്റേ ചെയ്യുകയും പിന്നീട് ഹർജ്ജിയുടെ തീർപ്പുവരെ സ്റ്റേ തുടരുവാനും ഉത്തരവായിട്ടുള്ളതാണ്. ഹൈക്കോടതിയുടെ സ്റ്റേ നിലവിലുള്ളപ്പോൾ തന്നെ മൂവാറ്റുപുഴ മുൻസിഫ് കോടതിയിലെ എക്സിക്യൂഷൻ ഹർജി ഹർജിക്കാരന് 11400/- നൽകി ഒത്തു തീർപ്പാക്കിയിട്ടുള്ളതായി കാണുന്നു. ഹൈക്കോടതിയുടെ സ്റ്റേ നിലവിലുള്ളപ്പോൾ തന്നെ മൂവാറ്റുപുഴ മുൻസിഫ് കോടതിയിലെ എക്സിക്യൂഷൻ ഹർജി തീർപ്പാക്കിയിട്ടുള്ളത് എന്ത് അടിസ്ഥാനത്തിലാണെന്നും ആയതിന് കൌൺസിലിന്റെ അനുമതി ഉണ്ടായിരുന്നോ എന്നീ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/29.10.2019) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹൈക്കോടതിയുടെ സ്റ്റേ നിലവിലുള്ളപ്പോൾ തന്നെ ഹർജിക്കാരന് നൽകിയ 11400/-രൂപ തടസ്സപ്പെടുത്തുന്നു.

# 1-29 ഹൈക്കോടതി വിധികൾ യഥാസമയം നടപ്പാക്കാത്തതിനാൽ സെക്രട്ടറി കോടതിയലക്ഷ്യ നടപടികൾ നേരിട്ടു.

കേരള ഹൈക്കോടതിയിൽ മൂവാറ്റുപുഴ മുനിസിപ്പാലിറ്റി, മുനിസിപ്പൽ സെക്രട്ടറി എന്നിവരും മറ്റും എതിർ കക്ഷികളായ 4 റിട്ട് ഹർജികളിൽ ഹൈക്കോടതി വിധിയുണ്ടായിട്ടുള്ളതാണ്. വിധിപകർപ്പ് ലഭിച്ച തീയതി മുതൽ ഒരുമാസത്തിനകം വിധിയിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് മുനിസിപ്പൽ സെക്രട്ടറിയോട് നിർദ്ദേശിച്ചാണ് 4 റിട്ട് ഹർജികളും കോടതി തീർപ്പാക്കിയിട്ടുള്ളത്. കോടതി നിഷ്ക്കർഷിച്ച സമയപരിധി കഴിഞ്ഞും വിധിയിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാത്തതിനാൽ ബന്ധപ്പെട്ട കക്ഷികൾ സെക്രട്ടറിക്കെതിരെ കോടതിയലക്ഷ്യ ഹർജികൾ ഫയൽ ചെയ്തിരുന്നു. കോടതിയലക്ഷ്യ ഹർജിയിൽ നോട്ടീസ് ലഭിച്ചതിനു ശേഷം കോടതി ഉത്തരവുകൾ നടപ്പിലാക്കി വിവരം കോടതിയിൽ ബോധിപ്പിച്ചതിനാൽ സെക്രട്ടറിക്കെതിരെയുള്ള കോടതിയലക്ഷ്യ ഹർജികൾ കോടതി തീർപ്പാക്കിയിട്ടുള്ളതാണ്. കേസുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | ഹർജി നമ്പർ | കേസിനാസ്പദമായ വിഷയം | വിധി പുറപ്പെടുവിച്ച തീയതി | കോടതിയലക്ഷ്യ ഹർജി നമ്പർ |
|---|---|---|---|---|
| 1 | WP(C) No: 25209/2018 | അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച് | 07.11.2018 | CCCNo. 233/2019 |
| 2 | WP(C) No:21310/2018 | അനധികൃത നിർമ്മാണവും ലൈസൻസില്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നത് സംബന്ധിച്ച് | Common Judgement 29.08.2018 | CCC No. 219/2019 |
| 3 | WP(C) No:22834/2018 | | | |
| 4 | WP(C) No.15234/2018 | അനധികൃത നിർമ്മാണവും കയ്യേറ്റവും സംബന്ധിച്ച് | 25.10.2018 | CCC No. 346/2019 |

ഹൈക്കോടതി വിധി യഥാസമയം പാലിക്കാത്തതിനാൽ സെക്രട്ടറി കോടതിയലക്ഷ്യ നടപടികൾ നേരിട്ടതിന് താഴെ പറയും പ്രകാരം അഡ്വക്കേറ്റിന് ഫീസും നൽകിയിട്ടുണ്ട്.

| കേസ് നമ്പർ | ചെക്ക്നം./തീയതി | തുക( IT കിഴിച്ച്) |
|---|---|---|
| CCC No. 219/2019 | 106235/23.09.2019 | 13500/- |
| CCCNo.233/2019 | 955823 / 19.07.2019 | 13500/- |

ഹൈക്കോടതി വിധി യഥാസമയം പാലിക്കാത്തതിനാൽ സെക്രട്ടറി കോടതിയലക്ഷ്യ നടപടികൾ നേരിട്ടതിനും കോടതിയലക്ഷ്യഹർജിയിൽ സെക്രട്ടറിക്കുവേണ്ടി കോടതിയിൽ ഹാജരായതിന് നഗരസഭ ഫണ്ടിൽ നിന്നും ഫീസ് നൽകിയതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7/26.10.2019) സെക്രട്ടറി നൽകിയ മറുപടിയിൽ

1)WP(C) No:21310/2018 നമ്പർ ഹർജിയിലെ വിധിപ്പകർപ്പ് 28.11.2018 ലാണ് സെക്ഷനിൽ ലഭിച്ചതെന്നും കോടതി നിഷ്കർഷിച്ച ഒരു മാസ സമയപരിധി കഴിഞ്ഞ് 12.02.2019-ൽ മാത്രമാണ് വിധി നടപ്പിലാക്കിയെന്നും വ്യക്തമാക്കിയിട്ടുണ്ട്.

2)WP(C) No:21310/2018, WP(C) No:22834/2018 എന്നീ ഹർജികളിലെ വിധികളിലെ അവ്യക്തത മൂലമാണ് വിധികൾ യഥാസമയം നടപ്പാക്കാതെയിരുന്നത് എന്ന മറുപടി അംഗീകരിക്കത്തക്കതല്ല.

3) WP(C) No.15234/2018 നമ്പർ ഹർജിയിലെ വിധിപ്പകർപ്പ് 14.11.2018 ലാണ് നഗരസഭയിൽ ലഭിച്ചതെന്നും കോടതി നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ വിധി നടപ്പിലാക്കിയിട്ടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മേൽപ്രകാരം സെക്രട്ടറി നൽകിയ മറുപടിയിൽനിന്നും കോടതി വിധി കോടതി നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ നടപ്പാക്കാൻ സാധിക്കാത്തതുകൊണ്ടാണ് സെക്രട്ടറിക്കെതിരെ കോടതിയലക്ഷ്യഹർജികൾ വരുവാനിടയായിട്ടുള്ളത്. ഹൈക്കോടതി വിധികൾ യഥാസമയം നടപ്പിലാക്കി കോടയതിലക്ഷ്യ നടപടികൾ നേരിടുന്നത് ഒഴിവാക്കേണ്ടതാണ്.

# 1-30 സേവാഗ്രാമം വാർഡ് കേന്ദ്രം-ഫർണിച്ചർ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

| | |
|---|---|
| പ്രോജക്ട് | സേവാഗ്രാമം വാർഡ് കേന്ദ്രം – ഫർണിച്ചർ വാങ്ങൽ |
| പ്രോജക്ട് നം | S0246/2019 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 2,00,000/-(വികസനഫണ്ട്-സാധാരണം) |
| ചെലവ് | 194458/- |
| ബിൽ നമ്പർ/ചെക്ക് നമ്പർ | 126/18-19 തീയതി 07.03.2019 തുക 95575/-<br>133/18-19 തീയതി 08.03.2019 തുക 98883/- |

സേവാഗ്രാമം-വാർഡ് കേന്ദ്രം എന്ന പദ്ധതിയിലുൾപ്പെടുത്തി 8 വാർഡുകളിലേക്കായി 194458/-രൂപ ചെലവഴിച്ച് ARTCO യിൽ നിന്ന് 8 സ്റ്റീൽ മേശകൾ, 83 ഫൈബർ കസേരകൾ (നീൽകമൽ), 8 സ്റ്റീൽ അലമാരകൾ എന്നിവ താഴെപ്പറയും പ്രകാരം ടെൻഡർ നടപടി കൂടാതെ വാങ്ങിയിട്ടുണ്ട്.

| ക്രമ നം | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | Fiber Arm Chair-Nilkamal | 83 | 61212.5/- |
| 2 | Steel Cabinet with 4 fixed Shelves | 8 | 81920.32/- |

| | | | |
|---|---|---|---|
| 3 | Steel Table with 3 drawer | 8 | 51325.28/- |

27.04.2018 ലെ ജി.ഒ.(ആർ ടി) നം.17/2018/എസ് പി ഡി പ്രകാരം തടി കൊണ്ട് നിർമ്മിച്ച ഫർണിച്ചറുകൾ ARTCO യിൽ നിന്ന് ടെൻഡർ നടപടികൾ കൂടാതെ വാങ്ങുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. പർച്ചെയ്സ് കമ്മിറ്റിയുടെ മിനിറ്റ്സ് ബുക്കിൽ ഈ വാങ്ങൽ സംബന്ധിച്ച വിവരങ്ങളൊന്നും ചേർത്തിട്ടില്ല. 08.11.2010 ലെ ജി ഒ (പി)259/2010 ൽ നിർദ്ദേശിക്കുന്ന നടപടികൾ സ്വീകരിക്കാതെ ഇപ്രകാരം ഫർണിച്ചർ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 30.10.2019 ലെ 33-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ സ ഉ (സാധാ) നം. 2092/2018/ ത സ്വ ഭ വ 01.08.2018 ന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ ARTCO യിലെ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ കസേരകൾ നീൽകമൽ കമ്പനിയുടെ ഉൽപ്പന്നമാണെന്ന് ബില്ലിൽ നിന്നും വ്യക്തമാണ്. സ്റ്റീൽ അലമാരയും, മേശയും ARTCOയുടെ ഉൽപ്പന്നങ്ങൾ അല്ല. പർച്ചേസ് കമ്മിറ്റിയുടെ പരിഗണനക്ക് ടി വാങ്ങൽ സമർപ്പിച്ചിട്ടില്ലായെന്നും മറുപടിയിൽ ചേർത്തിട്ടുണ്ട്. ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടതുമാണ്.

# 1-31 ആധുനിക മത്സ്യ മാർക്കറ്റ് ഉപയോഗിക്കാതെ നശിക്കുന്നു.

നിർമ്മാണം പൂർത്തിയാക്കി ഉൽഘാടനവും കഴിഞ്ഞ ആധുനിക മത്സ്യ മാർക്കറ്റിലെ സ്റ്റാളുകൾ പ്രവർത്തിക്കാതെ നശിച്ചുകൊണ്ടിരിക്കുകയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(32/30.10.2019) ക്ക് അടിസ്ഥാന സൌകര്യങ്ങൾ പൂർണ്ണമായും ഒരുക്കി നൽകാത്തതു കൊണ്ടാണ് 5 പ്രാവശ്യം പുനർലേലം നടത്തിയിട്ടും ആരും ലേലത്തിൽ പങ്കെടുക്കാത്തതെന്നും ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നുമുള്ള മറുപടിയാണ് സെക്രട്ടറി സമർപ്പിച്ചിട്ടുള്ളത്. 5 പ്രാവശ്യം പുനർലേലം നടത്തിയതിനു ശേഷമാണ് **ആധുനിക മത്സ്യ മാർക്കറ്റിൽ** അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിരുന്നില്ലായെന്ന് നഗരസഭക്ക് ബോദ്ധ്യമായതെന്നും മറുപടിയിൽനിന്നും വ്യക്തമാണ്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ ഉൽഘാടനം നടത്തുകയും ലേലം നടത്തുകയും പലപ്രാവശ്യം പുനർലേലം നടത്തുകയും ചെയ്യതുമൂലം നഗരസഭക്ക് സാമ്പത്തിക നഷ്ടവും സമയനഷ്ടവും ഉണ്ടാകുവാനിടയായതിനെക്കുറിച്ച് അന്വേഷണം നടത്തി ഉത്തരവാദിയായവരുടെ പേരിൽ നടപടി സ്വീകരിക്കേണ്ടതാണ്. അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കി ആധുനിക മത്സ്യ മാർക്കറ്റ് പ്രവർത്തന സജ്ജമാക്കി നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-32 അനധികൃത നിർമ്മാണം - ഹൈക്കോടതി ഉത്തരവ് നടപ്പാക്കിയിട്ടില്ല

WP(C) 14959/2018

അജിംസ് എ.എം : ഹർജ്ജിക്കാരൻ

vs

എതിർ കക്ഷി : സെക്രട്ടറി, മൂവാറ്റുപുഴ നഗരസഭ

മേൽ നമ്പർ ഹർജിയിലെ ഹർജിക്കാരൻ നടത്തിവരുന്ന മാമാസ് ബേക്കറിയോട് ചേർന്ന് അനധികൃത നിർമ്മാണം നടത്തിയതായി വാർഡ് സഭയുടെ പരാതി നഗരസഭക്ക് ലഭിച്ചിരുന്നതും പരാതിഅന്വേഷിച്ചതിൽ ഹർജ്ജിക്കാരൻ അനധികൃത നിർമ്മാണം നടത്തിയതായി ബോദ്ധ്യപ്പെട്ടതിനാൽ അനധികൃത നിർമ്മാണം പൊളിച്ചുകളയുവാൻ സെക്രട്ടറി ഹർജ്ജിക്കാരനോട് നിർദ്ദേശിച്ച് ഉത്തരവയിട്ടുള്ളതാണ്. സെക്രട്ടറിയുടെ ഉത്തരവ് ചോദ്യംചെയ്താണ് ഹർജ്ജിക്കാരൻ മേൽ നമ്പർ ഹർജി ബഹു.ഹൈക്കോടതി മുമ്പാകെ ബോധിപ്പിച്ചിരുന്നത്.

12.11.2018 ൽ പുറപ്പെടുവിച്ച വിധിപ്രകാരം വിധിപ്പകർപ്പ് ലഭിച്ച് മൂന്ന് ആഴ്ചക്കകം അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ ആവശ്യ രേഖകൾ സഹിതം നഗരസഭയിൽ ഹർജിക്കാരൻ സമർപ്പിക്കേണ്ടതും ഒരു മാസത്തിനകം സമർപ്പിക്കപ്പെട്ട അപേക്ഷയിൽ തീരുമാനമെടുക്കണമെന്നും കോടതി സെക്രട്ടറിയോട് നിഷ്ക്കർഷിച്ചിട്ടുള്ളതുമാണ്. വിധിപ്രകാരം ഹർജിക്കാരൻ പ്രവർത്തിക്കാത്തതിനാൽ വിധി നടപ്പിലാക്കാൻ സെക്രട്ടറി 25.05.2019ൽ ഉത്തരവാകുകയും 26.06.2019-ൽ എഞ്ചിനീയറിംഗ് വിഭാഗം ഓവർസിയറെ വിധിപ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കുവൻ ചുമതലപ്പെടുത്തി ഉത്തരവിറക്കുകയും ചെയ്തിട്ടുള്ളതാണ്. നാളിതുവരെയായിട്ടും ഹൈക്കോടതി വിധി നടപ്പിലാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/ 30.10.2019 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

കോടതി വിധി നടപ്പിലാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-33 റെയിൽവേ റിസർവേഷൻ കൗണ്ടർ-കമ്മീഷൻ തുക ലഭ്യമായില്ല

10.09.2012 ൽ പൊതുജന സേവനാർത്ഥം നഗരസഭ ഒരു റെയിൽവേ റിസർവേഷൻ കൗണ്ടർ ആരംഭിക്കുകയും പ്രവർത്തനം തുടർന്ന് പോരുകയും ചെയ്യുന്നുണ്ട്. 10.09.2012 ൽ ഇത് സംബന്ധിച്ച് നഗരസഭയും സീനിയർ ഡിവിഷണൽ കൊമേഴ്സ്യൽ മാനേജർ,

സതേൺ റെയിൽവേ, തിരുവനന്തപുരവുമായി ഏർപ്പെട്ട കരാറിൽ ടിക്കറ്റ് വിൽപ്പനയിൽ നിന്നുള്ള Net Earnings ന്റെ 2% കമ്മീഷൻ നഗരസഭയ്ക്ക് റെയിൽവേ നൽകുന്നതാണ്. കമ്മീഷൻ തുകയുടെ 80% നഗരസഭ രേഖകൾ സമർപ്പിച്ച് 10 ദിവസത്തിനുള്ളിലും ബാക്കി 20% ആഭ്യന്തര പരിശോധനക്ക് ശേഷവുമാണ് ലഭ്യമാക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ 01.09.2012 മുതൽ 31.08.2013 വരെയുള്ള കാലയളവിലെ കമ്മീഷൻ തുക നാളിതുവരെ നഗരസഭയ്ക്ക് ലഭ്യമായിട്ടില്ല. 01.09.2013 മുതലുള്ള കമ്മീഷൻ ആണ് പിന്നീട് ലഭ്യമായിട്ടുള്ളത്. റെയിൽവേ 23.07.2013 ന് നടത്തിയ ആഭ്യന്തര പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ CCI/ERS തീയതി 23.07.2013 നമ്പർ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ നഗരസഭയെ അറിയിച്ചിട്ടുണ്ട്. 13.01.2016 ൽ സെക്രട്ടറി കമ്മീഷൻ തുക ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ജി-2(ആർ3)35/99 നമ്പർ കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ തുക ലഭ്യമായില്ല. റെയിൽവേ റിസർവേഷൻ കൌണ്ടറിലെ രജിസ്റ്റർ പരിശോധിച്ചതിൽ 01.09.2012 മുതൽ 31.08.2013വരെ 42,60,709/- രൂപയുടെ ടിക്കറ്റ് വിൽപ്പന നടന്നിട്ടുണ്ട്. ഇതിൽ നിന്നും സർവീസ് ചാർജ് കുറവ് ചെയ്ത് Net Earnings ന്റെ 2% തുകയാണ് ലഭ്യമാകുവാനുള്ളത്. നഗരസഭയ്ക്ക് ലഭ്യമാകേണ്ട ഈ കമ്മീഷൻ തുകയുടെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 28.10.2019 ലെ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും വാർഷിക ധനകാര്യ പത്രികയിൽ ആയത് ഉൾപ്പെടുത്തുമെന്നും അറിയിച്ചിട്ടുണ്ട്. നഗരസഭക്ക് ലഭ്യമാകേണ്ട കമ്മീഷൻ തുക ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-34 അനധികൃത നിർമ്മാണം-നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കണം

നഗരസഭയുടെ പരിധിയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന അൺ ഓതറൈസ്ഡ് (യു.എ) രജിസ്റ്ററിൽ വിവിധ വാർഡുകളിലായി പാർപ്പിടം, വാണിജ്യം, ഓഫീസ്, ഓഡിറ്റോറിയം എന്നീ ആവശ്യങ്ങൾക്കായി അനധികൃതമായി നിർമ്മിച്ചിട്ടുള്ള ആകെ 204 കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തി യു.എ നമ്പർ അനുവദിച്ചിട്ടുള്ളതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു. (ഓഡിറ്റിന് ലഭ്യമാക്കിയ രണ്ട് യു.എ രജിസ്റ്ററുകളിൽ രണ്ടാമത്തെ രജിസ്റ്റർ ആരംഭിച്ചിരിക്കുന്നത് 20.01.2015-ലാണ്)

| വാർഡ് നമ്പർ | പാർപ്പിടാവശ്യം | വാണിജ്യാവശ്യം | ഇതരാവശ്യം | ആകെ |
|---|---|---|---|---|
| 1 | 21 | 1 | - | 22 |
| 2 | 1 | - | - | 1 |
| 3 | 16 | 1 | - | 17 |
| 4 | 8 | 5 | - | 13 |
| 5 | 23 | 4 | - | 27 |
| 6 | 3 | 13 | - | 16 |
| 7 | 9 | 1 | - | 10 |
| 8 | 1 | 23 | - | 24 |
| 9 | 1 | - | - | 1 |
| 10 | 5 | - | - | 5 |
| 11 | 1 | - | 2 (ഓഡിറ്റോറിയം) | 3 |
| 12 | 7 | 5 | 7 (ഓഫീസ്) | 19 |
| 13 | 1 | 1 | 1 (ഹാൾ) | 3 |
| 14 | 3 | 1 | - | 4 |
| 15 | 1 | - | - | 1 |
| 16 | 1 | - | - | 1 |
| 17 | 9 | - | - | 9 |
| 18 | 2 | 4 | - | 6 |
| 19 | 3 | - | 1 (സ്കൂൾ) | 4 |
| 20 | 14 | - | - | 14 |
| 21 | - | 1 | - | 1 |
| 22 | - | - | 1 | 1 |
| 26 | - | - | 2 (സ്കൂൾ) | 2 |
| ആകെ | 130 | 60 | 14 | 204 |

എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം യു.എ. നമ്പരിൽ ആകെ 12 കെട്ടിടങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്.

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 242- നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി ഈടാക്കൽ-(1) പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ, അയാൾക്കെതിരെ സ്വീകരിക്കാവുന്ന നടപടിക്ക് ഹാനി കൂടാതെ, കെട്ടിടംപണി പൂർത്തിയാക്കുകയോ അത് 233-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും

ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, വസ്തുനികുതിയായി നൽകുവാൻ ആയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

ഉദാഹരണത്തിനായി യു.എ രജിസ്റ്റർ പ്രകാരം നിയമാനുസൃതമല്ലാത്ത വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| യു.എ കെട്ടിട നം. | ഉടമസ്ഥന്റെ പേര് | തറ വിസ്തീർണ്ണം (ച.മീറ്റർ) | വസ്തുനികുതി നിർണ്ണയി ച്ചിരിക്കുന്ന വർഷം | നിർണ്ണയിച്ച വസ്തുനികുതി | ഈടാക്കേണ്ട നികുതി (വസ്തുനികുതി + രണ്ടിരട്ടി) |
|---|---|---|---|---|---|
| 4/379 B2 | ശ്രീ. മുഹമ്മദ് റിയാസ്, ചക്കങ്ങൽ, മാർക്കറ്റ് പി.ഒ, മൂവാറ്റുപുഴ | 418 | 2009-10 രണ്ടാം അർദ്ധ വർഷം | 27978 | രജിസ്റ്ററിൽ തുക രേഖപ്പെടു ത്തിയിട്ടില്ല |
| 4/572 A | ശ്രീ. ഷാലിക്കർ മുഹമ്മദ് അലി, പുത്തനാൽ, മാർക്കറ്റ് പി.ഒ, മൂവാറ്റുപുഴ | 200 | 2012-13 ഒന്നാം അർദ്ധ വർഷം | 15578 | 46734 |
| 4/207 C | ശ്രീ. കെ.എച്ച് മുഹമ്മദ്, കിഴക്കാവിൽ, കാവുങ്കര, മൂവാറ്റുപുഴ | 134.69 | 2011-12 ഒന്നാം അർദ്ധ വർഷം | 2345 | 7035 |
| 6/292B | ശ്രീ. ഡെന്നീസ് ജോൺ, തോട്ടത്തിൽ | 60 | 98-99 ഒന്നാം അർദ്ധ വർഷം | 2248 | രജിസ്റ്ററിൽ തുക രേഖപ്പെടു ത്തിയിട്ടില്ല |
| 8/346A3 | ശ്രീ. മുഹമ്മദ് ബഷീർ, കണ്ണാപറമ്പിൽ & ശ്രീമതി. നളിനി തങ്കപ്പൻ, കുളങ്ങാട്ടുമാരിയിൽ | 22.14 | 2006-07 രണ്ടാം അർദ്ധ വർഷം | 1181 | രജിസ്റ്ററിൽ തുക രേഖപ്പെടു ത്തിയിട്ടില്ല |
| 8/346A4 | ശ്രീ. മുഹമ്മദ് ബഷീർ, കണ്ണാപറമ്പിൽ & ശ്രീമതി. നളിനി തങ്കപ്പൻ, കുളങ്ങാട്ടുമാരിയിൽ | 24.14 | 2006-07 രണ്ടാം അർദ്ധ വർഷം | 1516 | രജിസ്റ്ററിൽ തുക രേഖപ്പെടു ത്തിയിട്ടില്ല |
| 8/346C1 | ശ്രീ. മുഹമ്മദ് ബഷീർ, കണ്ണാപറമ്പിൽ & ശ്രീമതി. നളിനി തങ്കപ്പൻ, കുളങ്ങാട്ടുമാരിയിൽ | 40 | 2006-07 രണ്ടാം അർദ്ധ വർഷം | 1463 | രജിസ്റ്ററിൽ തുക രേഖപ്പെടു ത്തിയിട്ടില്ല |
| 8/359J(7) | ശ്രീ. കൊച്ചുമുഹമ്മദ് അലിയാർ, | 6 | 2012-13 ഒന്നാം | 873 | 2619 |

| | | | | | |
|---|---|---|---|---|---|
| | കാംബാക്കുടിപുത്തൻപുര, മുടവൂർ പി.ഒ, മൂവാറ്റുപുഴ | | അർദ്ധ വർഷം | | |
| 8/359J(10) | ശ്രീ. കൊച്ചുമുഹമ്മദ് അലിയാർ, കാംബാക്കുടിപുത്തൻപുര, മുടവൂർ പി.ഒ, മൂവാറ്റുപുഴ | 12 | 2012-13 ഒന്നാം അർദ്ധ വർഷം | 1764 | 5292 |
| 11/2.B, 2.C | പ്രസിഡന്റ് & സെക്രട്ടറി, മൂവാറ്റുപുഴ ക്ലബ്ബ്, രജി. നം. 28/1989, വെള്ളൂർക്കുന്നം, മൂവാറ്റുപുഴ | 419.96 | 2008-09 രണ്ടാം അർദ്ധ വർഷം | 29605 | രജിസ്റ്ററിൽ തുക രേഖപ്പെട്ട ത്തിയിട്ടില്ല |

യു.എ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ മുഴുവൻ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്തതിനും, ഉടമസ്ഥരിൽ നിന്നും വസ്തുനികുതി ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിനായി 30.10.2019 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.36-ന് രജിസ്റ്റർ പരിശോധിച്ച് റഗുലറൈസ് ചെയ്യാത്ത കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനും വസ്തുനികുതി ഈടാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് നിയമാനുസൃതമല്ലാതെ നിർമ്മിച്ച എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തി കാലികമാക്കി വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-35 മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 വർഷം അഡ്വാൻസ് കൈപ്പറ്റിയിട്ടും നാളിതുവരെയും ചെലവിന്റെ വിവരം നൽകി തുക അഡ്ജസ്റ്റ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം., തീയതി | തുക | കൈപ്പറ്റിയ ആൾ | ചെലവ് വിവരം |
|---|---|---|---|---|
| 1 | 46-4/18,13.04.18 | 15,000/- | മധുപാൽ HI | സീവേജ് ക്ലീനിംഗ് |
| 2 | 113-4/18,30.4.18 | 15000/- | മധുപാൽ HI | സീവേജ് ക്ലീനിംഗ് |
| 3 | 102-10/18,26.10.18 | 15000/- | ജിജി ജോസ് PWO | പരസ്യബോർഡ് നീക്കംചെയ്യുന്നതിന് |

ചെലവിന്റെ വിശദാംശങ്ങൾ ഹാജരാക്കി മുൻകൂർ തുക ക്രമീകരിക്കാത്തതിനാൽ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും കൈപ്പറ്റിയ തുക തിരികെ ഈടാക്കേണ്ടതാണ്.

# 1-36 കെ യു ആർ ഡി എഫ് സി ലോൺ തിരിച്ചടവ് - അപാകതകൾ

ഫയൽ നമ്പർ എ1-4028/99 പ്രകാരം മൂവാറ്റുപുഴ നഗരസഭ കെ യു ആർ ഡി എഫ് സി യിൽ നിന്നും വിവിധ പദ്ധതികളുടെ ആവശ്യത്തിലേക്കായി 1999മുതൽ 2001 വരെ വർഷങ്ങളിലായി ആകെ 3,07,59,500/- രൂപ എടുത്തിരുന്നതിൽ മുതലും പലിശയുമുൾപ്പെടെ 4,35,42,928/-രൂപ 31.03.2011 വരെ തിരികെ അടവാക്കിയതായി കാണുന്നു. പിന്നീട് വായ്പാതുക സമയബന്ധിതമായി അടയ്ക്കാതിരുന്നതിനാൽ റവന്യൂ റിക്കവറി നടപടികൾ നേരിടുകയും ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ 24.10.2011 ലെ 7680/RR/2011/M(Rev) നമ്പർ ഉത്തരവ് പ്രകാരം റവന്യൂ റിക്കവറി നടപടികൾക്ക് 5 മാസത്തേക്ക് സ്റ്റേ അനുവദിക്കുകയും വായ്പാ കുടിശിക 60 തുല്യ ഗഡുക്കളായി അടച്ച് തീർക്കുന്നതിനും ആദ്യ ഗഡു 5 മാസത്തിനുള്ളിൽ അടയ്ക്കുന്നതിനും ഉത്തരവായി. അതിൻ പ്രകാരം 5,30,000/- രൂപ വീതം 01.03.2012 തീയതി മുതൽ 29.09.2016 വരെ ആകെ 3,32,20,000/- രൂപ ഒടുക്കിയിട്ടുണ്ട്.

റവന്യൂ റിക്കവറി ഉത്തരവ് പ്രകാരമുള്ള മുഴുവൻ തുകയും നഗരസഭ ഒടുക്കിയെങ്കിലും തുക വായ്പാകുടിശ്ശിക ഗഡുക്കളായി വരവ് വയ്ക്കാതെ അടച്ച തുക പലിശയിലേക്കാണ് കെ യു ആർ ഡി എഫ് സി വരവ് വച്ചത്. ഇക്കാര്യം കെ യു ആർ ഡി എഫ് സി യെ അറിയിച്ചെങ്കിലും വായ്പാതുകയും പലിശയും ഒടുക്കാൻ ബാക്കിയുണ്ടെന്ന് കാണിച്ച് ബാധ്യതാ തുക അറിയിച്ചുകൊണ്ട് കെ യു ആർ ഡി എഫ് സി യിൽ നിന്ന് അറിയിപ്പുകൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. നഗരസഭയുടെ കണക്ക് പ്രകാരം വായ്പാതുക അടച്ച് തീർന്നെങ്കിലും KURDF യിൽ നിന്നും സ്ഥിരീകരണം ലഭിക്കാത്തതിനാൽ ടി തുക വാർഷിക ധനകാര്യപത്രികയിൽ 330500201 ഹെഡ്ഡിൽ അതാത് വർഷത്തെ പലിശ വർദ്ധനവോടെ ബാധ്യതയായി നിലനിർത്തി വരികയാണ് ചെയ്യുന്നത്. നഗരസഭയുടെ കണക്ക് പ്രകാരം 01.03.2012 ൽ 3,04,05,738/- രൂപ ഒടുക്കാനുണ്ടായിരുന്നതിൽ 3,32,20,000/-രൂപ നാളിതുവരെ ഒടുക്ക് വരുത്തിയിട്ടുള്ളതിനാൽ 28,14,262/-രൂപ അധികമാണ് ഒടുക്കിയിട്ടുള്ളത്. നിശ്ചയിച്ചുനൽകിയ തുക ഒടുക്കിയത് മുഴുവൻ ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ ഉത്തരവ് പരിഗണിക്കാതെ പലിശയിനത്തിലേക്ക് വരവ് വച്ച നടപടി ന്യായീകരിക്കാൻ സാധിക്കാത്തതും പുനഃപരിശോധനക്ക് വിധേയമാക്കേണ്ടതുമാണെന്ന് അറിയിച്ചുകൊണ്ട് നഗരസഭ 26.07.2018, 01.08.2019 എന്നീ തീയതികളിൽ കത്ത് നൽകിയിട്ടുള്ളതാണ്. വായ്പാ തിരിച്ചടവിലെ ഈ അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-37 പേ വാർഡ് കെട്ടിടത്തിന്റെ വസ്തു നികുതി ഈടാക്കുന്നില്ല.

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 17/700 നമ്പരിലുള്ള കേരള ഹെൽത്ത് റിസേർച്ച് ആന്റ് വെൽഫയർ സൊസൈറ്റിയുടെ ഉടമസ്ഥതയിൽ മൂവാറ്റുപുഴ താലൂക്ക് ആശുപത്രി കോംപൗണ്ടിൽ സ്ഥിതിചെയ്യുന്ന ആകെ 250.04 ച.മീറ്റർ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിനെ നികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടത്തിന്റെ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 235- നികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കൽ- ഉപവകുപ്പ് (സി) രോഗികൾക്ക് സൗജന്യമായി ചികിത്സ ലഭ്യമാക്കുന്ന ആതുരാലയങ്ങൾ, (എച്ച്) ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വക കെട്ടിടങ്ങളും, സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിങ്ങളും വസ്തുനികുതിയിൽ നിന്നും ഒഴിവാക്കേണ്ടതാണ് എന്നാൽ ഈ വകുപ്പ് പ്രകാരം അനുവദിച്ചിട്ടുള്ള ഒഴിവ്, ഉടമസ്ഥർ വാടക ഈടാക്കുന്ന കെട്ടിടങ്ങൾക്ക് നൽകാവുന്നതല്ല. എന്നാൽ വാടക ഈടാക്കി പ്രവർത്തിക്കുന്ന പ്രസ്തുത പേവാർഡ് കെട്ടിടത്തിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടത്തിനെ നികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടത്തിന്റെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 29.10.2019 ന് നൽകിയ എൻക്വയറി നം. 18 ന് കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയം നടത്തി തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-38 പ്രീമെട്രിക് ഹോസ്റ്റൽ ഫർണ്ണിച്ചർ വാങ്ങൽ

| | | |
|---|---|---|
| പ്രോജക്ട് | പ്രീ മെട്രിക് ഹോസ്റ്റൽ- ഫർണ്ണിച്ചർ വാങ്ങൽ | വിദ്യാർത്ഥികൾക്ക് മേശ, കസേര തുടങ്ങിയ പഠനോപകരണങ്ങൾ |
| പ്രോജക്ട് നം | S0135/2019 | S0118/2019 |
| നിർവ്വഹണം | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യലഘൂകരണ സെൽ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യലഘൂകരണ സെൽ |
| അടങ്കൽ | 182000/-(എസ് സി പി,) | 200000/-(എസ് സി പി,) |
| ചെലവ് | 181491/- | 1,15,000/- |
| ബിൽ നമ്പർ/ | 1) 66/18-19 തീയതി | 60/18-19 തീയതി 21.03.2019 തുക |

| | | |
|---|---|---|
| ചെക്ക് നമ്പർ | 13.03.2019 തുക 90405/-<br>2)69/18-19 തീയതി 16.03.2019 തുക 15239/-<br>3) 77/18-19 തീയതി 22.03.2019 തുക 75847/- | 1,15,000/- |

മേൽ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

<u>പ്രോജക്റ്റ് നം. S0135/2019</u>

പർച്ചേയ്സ് കമ്മിറ്റിയുടെ 01.11.2018 ലെ മിനിറ്റ്സിൽ പ്രീമെട്രിക് ഹോസ്റ്റലിലേക്കുള്ള ഫർണിച്ചർ ഗുണനിലവാരം ഉറപ്പ് വരുത്തി ടെൻഡർ മുഖേന വാങ്ങുന്നതിനാണ് നിർവ്വഹണോദ്യോഗസ്ഥയായ ഹെൽത്ത് സൂപ്പർവൈസറെ ചുമതലപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ടെൻഡർ നടപടികൾ കൂടാതെ ARTCO യിൽ നിന്ന് ഫർണിച്ചർ നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്.

<u>പ്രോജക്റ്റ് നം. S0118/2019</u>

ARTCO യിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് പർച്ചേയ്സ് കമ്മിറ്റി അനുമതി നൽകി.

27.04.2018 ലെ ജി ഒ (ആർ ടി) നം.17/2018/എസ് പി ഡി പ്രകാരം തടി കൊണ്ട് നിർമ്മിച്ച ഫർണിച്ചറുകൾ ARTCO യിൽ നിന്ന് ടെൻഡർ നടപടികൾ കൂടാതെ വാങ്ങുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. എന്നാൽ രണ്ട് പദ്ധതികളിലുമായി താഴെപ്പറയുന്ന സ്റ്റീൽ, ഫൈബർ ഫർണിച്ചറുകളാണ് ടെൻഡർ നടപടി കൂടാതെ വാങ്ങിയിട്ടുള്ളത്.

<u>പ്രോജക്റ്റ് നം. S0135/2019</u>

| ക്രമ നം | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | Fiber Armless Chair-Nilkamal | 50 | 23305/- |
| 2 | Steel Book shelves | 4 | 46619.4/- |
| 3 | Steel Cabinet with 4 fixed Shelves | 2 | 20480.08/- |
| 4 | Steel Table with a drawer | 2 | 15329/- |
| | | ആകെ | 105733.48 |

2.<u>പ്രോജക്റ്റ് നം. S0118/2019</u>

| ക്രമ നം | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | Study Table | 23 | 96021 |
| 2 | Stainless Steel Chair | 23 | 18998 |
| | | [illegible] | [illegible] |

| | | | |
|---|---|---|---|
| | | ആകെ (19 രൂപ റൌണ്ട് ചെയ്തതിന് ശേഷം) | 115000/- |

08.11.2010 ലെ ജി ഒ (പി)259/2010 ൽ നിർദ്ദേശിക്കുന്ന ടെൻഡർ നടപടികൾ സ്വീകരിക്കാതെ ഇപ്രകാരം ഫർണിച്ചർ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട്. 29.09.2019 ൽ നൽകിയ 19-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഫർണിഷിംഗ് പ്രവൃത്തികൾ നടത്തുന്നതിന് ARTCO യെ നോഡൽ ഏജൻസിയാക്കിയിട്ടുണ്ടെന്നും തടി കൊണ്ട് നിർമ്മിച്ചവ മാത്രമേ വാങ്ങാവൂ എന്ന് ഉത്തരവില്ല എന്നുമാണ്. ഇത് വസ്തുതാവിരുദ്ധമാണ്. വാങ്ങിയ ഫർണിച്ചറുകൾ ഒന്നും ARTCO നിർമ്മിച്ചവയല്ല. കസേരകളുടെ ബ്രാൻഡ് നീൽകമൽ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്റ്റ് നമ്പർ S0135/2019 ൽ പ്രീമെട്രിക് ഹോസ്റ്റലിലേക്ക് ഫർണിച്ചർ വാങ്ങുന്നതിന് ഗുണനിലവാരം ഉറപ്പ് വരുത്തി ടെൻഡർ മുഖേന വാങ്ങുന്നതിനാണ് പർച്ചേസ് കമ്മിറ്റി നിർവ്വഹണോദ്യോഗസ്ഥയായ ഹെൽത്ത് സൂപ്പർവൈസറെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

# 1-39 വീട് മെയിന്റനൻസ് (ജനറൽ) പദ്ധതി-അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് | വീട് മെയിന്റനൻസ് (ജനറൽ) |
| പ്രോജക്റ്റ് നം | S0110/2019 |
| നിർവ്വഹണം | പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ ലഘൂകരണ സെൽ |
| അടങ്കൽ | 1680000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 15,15,000/- |
| ബിൽ നമ്പർ/ചെക്ക് നമ്പർ | 27/18-19 തീയതി 20.12.18 തുക 5,10,000/-<br>37/18-19 തീയതി 19.01.19 തുക 2,17,500/-<br>41/18-19 തീയതി 12.02.19 തുക 90,000/-<br>49/18-19 തീയതി 11.03.2019 തുക 97500/-<br>49c/18-19 തീയതി 25.02.2019 തുക 97500/-<br>53/18-19 തീയതി 21.02.2019 തുക 97500/-<br>58/18-19 തീയതി 11.03.19 തുക 97500/-<br>64/18-19 തീയതി 13.03.2019 തുക 97500 /-<br>68/18-19 തീയതി 16.03.2019 തുക 90,000/-<br>72/18-19 തീയതി 21.03.2019 തുക 75,000/-<br>79/18-19 തീയതി 23.03.2019 തുക 15,000/-<br>85/18-19 തീയതി 27.03.2019 തുക 15,000/-<br>86/18-19 തീയതി 27.03.2019 തുക 15,000/- |

മേൽ പദ്ധതിയിൽ 101 ഗുണഭോക്താക്കൾക്ക് 15000/- രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.സർക്കാർ ഉത്തരവ് (കൈ) നമ്പർ 22/2018 ത സ്വ ഭ വ തീയതി 14.02.2018 പ്രകാരം വീടിന്റെ മെയിന്റനൻസ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എഞ്ചിനിയർ പരിശോധിച്ചതിന് ശേഷമായിരിക്കണം സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്. അവസാന ഗഡു നൽകുന്നതിന് മുൻപ് പണി പൂർത്തീകരിച്ച് എൽ എസ് ജി ഡി എഞ്ചിനിയർ പരിശോധിച്ച് മൂല്യനിർണ്ണയം നടത്തുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം സബ്സിഡി നിർണ്ണയിക്കേണ്ടത്. എന്നാൽ ഒരു ഗുണഭോക്താവിന്റെ പോലും വീട് പുനരുദ്ധാരണ പ്രവൃത്തിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ചേർത്തിട്ടില്ല. ഓരോ ഗുണഭോക്താവിനും 15,000/-രൂപ വീതം സബ്സിഡി നിർണ്ണയിച്ച് ആനുകൂല്യം നൽകിയതിന്റെ മാനദണ്ഡം വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 24.10.2019 ലെ 6ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന ഓവർസിയറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം അനുവദിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. എൽ എസ് ജി ഡി എഞ്ചിനിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ ആനുകൂല്യം വിതരണം ചെയ്തതിനാൽ 15,15,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-40 അങ്കണവാടി ജീവനക്കാർക്ക് അധികവേതനം - ചെലവു രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല-തുക തടസപ്പെടുത്തുന്നു

പ്രൊജക്റ്റ് നമ്പർ-11/2018-19

പ്രൊജക്റ്റിന്റെ പേര്-അങ്കണവാടി ജീവനക്കാരുടെ അധിക വേതനം

നിർവ്വഹണോദ്യോഗസ്ഥ-ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ-3,35,812/-(പൊതു വിഭാഗം വികസന ഫണ്ട്)

നഗരസഭാ പരിധിയിലെ വിവിധ അങ്കണവാടികളിലെ 59 ജീവനക്കാർക്ക് ബിൽ നമ്പർ-1/2018-19 തീ.25.6.18 പ്രകാരം അധിക വേതനമായി ആകെ 3,35,812/-രൂപ നൽകി. 2017-18 വർഷം ഈ ഇനത്തിൽ ബാക്കി നൽകാനുണ്ടായിരുന്ന

തുകയാണിത്.എന്നാൽ ഇത് ഏതൊക്കെ മാസങ്ങളിൽ അർഹതയുണ്ടായിരുന്ന തുകയാണ് എന്നു വ്യക്തമാക്കിയിട്ടില്ല.ഓരോ ജീവനക്കാരിക്കും ലഭിച്ച തുക കണക്കാക്കിയതിന് ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 3,35,812/- രൂപ തടസപ്പെടുത്തുന്നു.

# 1-41 ആരോഗ്യവിഭാഗം - പേഴ്സണൽ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

ആരോഗ്യ വിഭാഗത്തിലെ വിവിധ സെക്ഷനുകളുടെ പേഴ്സണൽ രജിസ്റ്ററുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഓരോ ദിവസവും സെക്ഷനിൽ ലഭിക്കുന്ന തപാലുകൾ ക്രമനമ്പർ ഇടാതെയാണ് രജിസ്റ്ററിൽ ചേർക്കുന്നത്.തന്മൂലം ഓഡിറ്റ് വർഷം സെക്ഷനിൽ ലഭിച്ച ആകെ തപാലുകളുടെ എണ്ണം തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല.

2)തപാലുകളുടെ കറന്റ് നമ്പർ രജിസ്റ്ററിൽ ചേർത്ത് ആയത് പ്രധാന ഫയലിലേക്ക് ക്ലബ്ബ് ചെയ്യുന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. പ്രധാന ഫയലിന്റെ നമ്പർ മാത്രമേ എഴുതുന്നുള്ളൂ. കറന്റ് നമ്പർ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ തപാലിൽ സ്വീകരിച്ച തുടർ നടപടി പ്രധാന ഫയൽ പരിശോധിച്ചാൽ മാത്രമേ അറിയാൻ സാധിക്കുകയുള്ളൂ. അഥവാ നടപടിയൊന്നും സ്വീകരിച്ചില്ലെങ്കിൽ ആയത് നിരീക്ഷിക്കാനും ഇതു മൂലം സാധിക്കുന്നില്ല.

3) പൊതു ജനാരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് ലഭിച്ച നിരവധി പരാതികൾ രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. ഇവയിൽ പലതും നഗരസഭ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ട പരാതികളായിരിക്കാം. തപാൽ തുടർ നടപടികൾക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുന്ന വിവരം രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും സമയബന്ധിതമായി നടപടി സ്വീകരിച്ച് ഫയലിൽ തീർപ്പ് കൽപ്പിക്കുന്നുണ്ടോയെന്ന് രേഖപ്പെടുത്തുന്നില്ല.

4) ഹെൽത്ത് സൂപ്പർവൈസർ കൃത്യമായ ഇടവേളയിൽ പേഴ്സണൽ രജിസ്റ്റർ പരിശോധിച്ച് വേണ്ട നിർദേശങ്ങൾ സെക്ഷന് നൽകേണ്ടതാണെങ്കിലും അപ്രകാരം ചെയ്യുന്നില്ല.

5)പേഴ്സണൽ രജിസ്റ്റർ അപൂർണ്ണമായതിനാൽ ഓഡിറ്റ് വർഷം തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകൾ എത്രയുണ്ടെന്ന് തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല. പേഴ്സണൽ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-42 സർക്കാർ നിർത്തലാക്കിയ തസ്തികയിൽ നിയമനം നടത്തി തനതു ഫണ്ടിൽ നിന്നും പ്രതിഫലം നൽകുന്നു

സാംഖ്യ അധിഷ്ഠിത അക്കൌണ്ടിംഗിൽ ജീവനക്കാരെ പ്രാപ്തരാക്കുന്നതിനു പരിശീലനം നൽകുന്നതിനായി നഗരസഭകളിൽ നിയമിച്ച അക്കൌണ്ട്സ്-കം-ഐ.ടി.എക്സ്പർട്ടുമാരുടെ സേവനം 30.6.17 ൽ സർക്കാർ അവസാനിപ്പിച്ചിട്ടുള്ളതാണ്.എന്നാൽ സി-ബൾബ് അക്കൌണ്ടന്റ് ശ്രീമതി.മിനിമോൾ പി.എസ്. പ്രതിമാസം 5 ദിവസം നഗരസഭയിൽ ജോലി ചെയ്യുന്നുണ്ട്. പ്രതിദിനം 1250/- രൂപയാണ് പ്രതിഫലം. അക്കൌണ്ടന്റ് തസ്തികയിൽ പ്രത്യേക പരിശീലനം നേടിയ ഉദ്യോഗസ്ഥൻ ജോലിയിൽ പ്രവേശിക്കുന്നതു വരെയാണ് ശ്രീമതി.മിനിമോളെ നിയമിച്ചിട്ടുള്ളത്. എന്നാൽ നഗരസഭകളിൽ അക്കൌണ്ടന്റ് തസ്തിക സർക്കാർ അനുവദിച്ചിട്ടില്ല.

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11.4.17ൽ ചേർന്ന യോഗത്തിൽ ബ്ളോക്ക് പഞ്ചായത്തുകളിൽ സി-ബൾബ് ജീവനക്കാരുടെ സേവനം അത്യാവശ്യം ആണെങ്കിൽ ബ്ളോക്ക്പഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും പ്രതിഫലം നൽകാമെന്ന വ്യവസ്ഥയിൽ ഇവരെ തുടരാൻ അനുവദിക്കുന്ന കാര്യം പഞ്ചായത്തുകൾക്ക് സർക്കാരിൽ ശുപാർശ ചെയ്യാവുന്നതാണെന്ന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു. ഇതു പ്രകാരം സി-ബൾബ് അക്കൗണ്ടന്റിന്റെ സേവനം 30.6.17നു ശേഷവും നഗരസഭയിൽ തുടരുന്നതിന് സർക്കാർ അനുമതി തേടുന്നതിന് 22.11.17 ലെ നഗരസഭാ കൗൺസിൽ തീരുമാനമെടുത്തു (18-ാം നമ്പർതീരുമാനം). എന്നാൽ ഇതു സംബന്ധിച്ച് സർക്കാരിലേക്ക് കത്തെഴുതിയിട്ടില്ലെന്ന് 28.10.19.ൽ നൽകിയ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കു ഹാജരാക്കിയ മറുപടിയിൽ അറിയിച്ചു. സർക്കാർ നിർത്തലാക്കിയ തസ്തികയിൽ സർക്കാരിന്റെ അറിവോടെയല്ലാതെ നിയമനംനടത്തി ഉയർന്ന പ്രതിഫലം നൽകുന്നത് ആശാസ്യമല്ല. നഗരസഭയിൽ അക്കൗണ്ട്സ് കൈകാര്യം ചെയ്യുന്ന ജീവനക്കാർ സി-ബൾബ് അക്കൗണ്ടന്റിന്റെ സഹായമില്ലാതെ തന്നെ സ്വതന്ത്രമായി അക്കൗണ്ട്സ് കൈകാര്യം ചെയ്യുന്നതിനുള്ള വൈദഗ്ദ്ധ്യം നേടിയെടുക്കേണ്ടതാണ്.

## 1-43 അനധികൃതമായി പാർക്ക് ചെയ്ത ടാർ മിക്സിംഗ് യൂണിറ്റ് സുരക്ഷിതമല്ലാത്ത

# രീതിയിൽ നീക്കം ചെയ്തതു മൂലം അപകടം സംഭവിച്ചു.

നഗരസഭാ സ്റ്റേഡിയത്തിനു സമീപം അനധികൃതമായി പാർക്കുചെയ്തിരുന്ന ടാർ മിക്സിംഗ് യൂണിറ്റ് നീക്കം ചെയ്യുന്നതിനായി 11.7.18ൽ നഗരസഭ വക KL-17Q 3901നമ്പർ ട്രാക്ടറിൽ കെട്ടി വലിച്ചു കൊണ്ടു പോകുന്നതിനിടയിൽ ട്രാക്ടറിന്റെ സൈഡ് തട്ടി ഇലക്ട്രിക് പോസ്റ്റിന് കേടുപാട് സംഭവിക്കുകയും നഷ്ടം 11722/- രൂപ നഗരസഭാ ഫണ്ടിൽ നിന്നും KSEB യിൽ അടവാക്കുകയും ട്രാക്ടർ ഓടിച്ചിരുന്ന കണ്ടിജന്റ് വിഭാഗം ഡ്രൈവർ ശ്രീ.വി.എ.മുഹമ്മദലിയിൽ നിന്നും തുക ഗഡുക്കളായി ഈടാക്കുകയും ചെയ്തു.

ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ദീപക്ക് ടി.എസിന്റെ ഫോൺ മുഖേനയുള്ള നിർദേശ പ്രകാരമാണ് താൻ ഈ പ്രവൃത്തി ഏറ്റെടുത്തതെന്ന് തനിക്കു ലഭിച്ച മെമ്മോയ്ക്കുള്ള മറുപടിയിൽ ശ്രീ.മുഹമ്മദലി വ്യക്തമാക്കിയിട്ടുണ്ട്. ശുചീകരണ ജോലികൾക്കായി മാത്രം ഉപയോഗിക്കുന്ന ട്രാക്ടറിൽ യാതൊരു മുൻകരുതലുകളുമില്ലാതെ ടാർ മിക്സിംഗ് യൂണിറ്റ് കെട്ടി വലിച്ചു കൊണ്ടു പോകുമ്പോൾ മനുഷ്യ ജീവനടക്കം അപായമുണ്ടാവാൻ സാദ്ധ്യതയുണ്ടെന്നിരിക്കെ റിക്കവറി വാഹനം ഉപയോഗിക്കാതെ ധൃതിയിൽ ഇത്തരമൊരു നിർദേശം നൽകിയതിനാലാണ് അപകടംസംഭവിച്ചത്. ടാർ മിക്സിംഗ് യൂണിറ്റ് സുരക്ഷിതമല്ലാത്ത രീതിയിൽ കെട്ടി വലിച്ചു കൊണ്ടു പോയി അപകടം ഉണ്ടായതിലുള്ള ഉത്തരവാദിത്വം ടി യൂണിറ്റ് കണ്ടു കെട്ടുന്നതിന് വിവിധ ഘട്ടങ്ങളിൽ നടപടി സ്വീകരിച്ച മുഴുവൻ ഉദ്യോഗസ്ഥർക്കും ഉണ്ടെന്നിരിക്കെ വാഹനം ഓടിച്ച ഡ്രൈവറിൽ നിന്നു മാത്രം നഷ്ടം ഈടാക്കുകയാണ് നഗരസഭ ചെയ്തത്.

ടാർ മിക്സിംഗ് യൂണിറ്റ് ഉടമയായ ശ്രീ.അസീസ് പി.കെ, തച്ചളായിൽ വീട്, കടാതി ഈസ്റ്റ് എന്ന വ്യക്തിയിൽ നിന്നും 1100/-രൂപ ഫൈൻ ഈടാക്കി 13.7.18 ന് യൂണിറ്റ് വിട്ടു നൽകിയതാണ്. ഇലക്ട്രിക് പോസ്റ്റിന് കേടുപാട് സംഭവിച്ച വിവരം യൂണിറ്റ് വിട്ടുകൊടുക്കുന്ന സമയത്ത് ടിയാനെ അറിയിച്ചിട്ടില്ല. ട്രാക്ടർ തട്ടി പോസ്റ്റിന് കേടുപാടു വന്നതിൽ ടിയാന് യാതൊരു പങ്കും ഇല്ലെന്നിരിക്കെ പിന്നീട് 03.7.19 ലെ 3-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ഡ്രൈവർ ശ്രീ.മുഹമ്മദലി അടവാക്കിയ തുക ടിയാന് തിരികെ നൽകാനും ടാർ മിക്സിംഗ് യൂണിറ്റ് ഉടമയിൽ നിന്നും നഷ്ടം ഈടാക്കാനും തീരുമാനിച്ചു. തുടർന്ന് നഷ്ടം ഈടാക്കാൻ നോട്ടീസ് അയച്ചെങ്കിലും നഷ്ടം അടവാക്കാൻ തയ്യാറല്ലെന്ന് അറിയിച്ചതിനെ തുടർന്ന് ഇയാൾക്കെതിരെ നിയമ നടപടി സ്വീകരിക്കാൻ അഡ്വ.ജോഷി ജോസഫിനെ ചുമതലപ്പെടുത്തി 19.9.19 ന് കത്തയച്ചു. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

.

## 1-44 മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

സൂപ്രണ്ട്, ജനറൽ ആശുപത്രി, മൂവാറ്റുപുഴ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷന് തുക നൽകിയിട്ടുണ്ടെങ്കിലും മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | ട്രഷറി ബിൽ നമ്പർ,തീയതി | നൽകിയ തുക | ലഭ്യമായ മരുന്നിന്റെ മൂല്യം | ലഭിക്കാനുള്ള മരുന്നിന്റെ മൂല്യം |
|---|---|---|---|---|
| 159/18-19 ജീവിത ശൈലി രോഗ നിയന്ത്രണ പരിപാടി-മരുന്നു വാങ്ങൽ | 02/18-19/04.02.019 | 2,00,000/- | 70,047/- | 1,29,953/- |
| 157/18-19 സാന്ത്വനം പാലിയേറ്റീവ് പരിചരണം | 04/18-19/ 14.03.19 | 60,890/- | 56,823/- | 4,067/-- |

മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കി പ്രോജക്ട് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-45 DR masonaryയിൽ സംരക്ഷണഭിത്തി നിർമ്മാണം - സാങ്കേതിക സർക്കുലറിലെ നിബന്ധന പാലിക്കാത്തതിനാൽ അധികച്ചെലവിനിടയാക്കുന്നു.

ഓഡിറ്റ് വർഷം നഗരസഭയിൽ നടപ്പിലാക്കിയ DR masonaryയിൽ സംരക്ഷണഭിത്തി നിർമ്മിച്ചതിൽ ബെൽറ്റ് നിർമ്മിച്ചിരിക്കുന്നത് 1:1.5:3 RCC, 1:2:4 RCC എന്നിവയിലാണ്. സാങ്കേതിക വകുപ്പ് ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ സർക്കുലർ നമ്പർ 87/2016 തീയതി 18.11.16 ലെ നിർദ്ദേശം അനുസരിച്ച് സംരക്ഷണഭിത്തി നിർമ്മിക്കുമ്പോൾ നൽകുന്ന ബെൽറ്റ് PCC 1:3:6 with nominal reinforcement, (8mm സ്റ്റീൽ ബാർ) എന്ന രീതിയിൽ നിർമ്മിക്കുവാനാണ് നിർദ്ദേശിക്കുന്നത്. താഴെപ്പറയുന്ന പ്രവൃത്തികളിൽ DR masonaryയിൽ സംരക്ഷണഭിത്തി നിർമ്മിച്ചപ്പോൾ ബെൽറ്റ് നിർമ്മാണത്തിന് ഉയർന്ന ഗ്രേഡിലുള്ള കോൺക്രീറ്റിംഗും 10/12mm കമ്പി ഉപയോഗിച്ചതും അധികച്ചെലവിനിടയാക്കി. വിശദവിവരം ചുവടെ ചേർക്കുന്നു.

എ)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ശാസ്തമംഗലം ആശ്രമം റോഡ് സംരക്ഷണ ഭിത്തി |

| | |
|---|---|
| പ്രോജക്ട് നമ്പർ | S0177/19 |
| ചെലവു വിവരം | ബിൽ നം 103/11.03.19<br>രൂപ 223432/- |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| അളവുപുസ്തകം | MB S0177/19 |
| കരാറുകാരൻ | അജിമാൻ ( 9.99% കുറവ്) |
| 1:1.5:3 RCC യിൽ ബെൽറ്റ് നിർമ്മിച്ച തിന് നൽകിയ തുക | 1.973 $m^3$ @ 9079.38/$m^3$ =17914 |
| അനുവദനീയം (PCC 1:3:6 with nominal reinforcement 8mm) ) | 1.973 $m^3$ @ 7033/$m^3$ = 13876 |
| കോൺക്രീറ്റിംഗിൽഅധികം ചെലവഴിച്ചത് | 4038 |
| അനുവദിച്ച റീ ഇൻഫോഴ്സ് മെന്റ് | 10mm 5x26.10x0.617 = 80.519<br>8mm 258x0.45x 0.390 = 45.279<br>125.798 kg |
| അനുവദനീയം8mm | 5x26.10x0.0.390 = 50.895<br>258x0.45x 0.390 = 45.279<br>96.174 kg |
| റീ ഇൻഫോഴ്സ് മെന്റിൽ അധികം ചെലവഴിച്ചത് | 29.624 kg @ 82.68 = 2449 |
| ആകെ അധികം ചെലവഴിച്ചത് | 4038 +2449 = 6487<br>(-)9.999% -- 649<br>5838 |

ബി)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പെരുമറ്റം തോട് സൈഡ് പ്രൊട്ടക്ഷൻ |
| പ്രോജക്ട് നമ്പർ | S0189/19 |
| ചെലവു വിവരം | ബിൽ നം 79/11.03.19<br>രൂപ199575/- |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| അളവുപുസ്തകം | MB 189/18-19 |
| കരാറുകാരൻ | അലി പി.പി |
| 1:1.5:3 RCC യിൽ ബെൽറ്റ് നിർമ്മിച്ച തിന് നൽകിയ തുക | 2.43 $m^3$ @10448.58/$m^3$ =25390 |
| അനുവദനീയം (PCC 1:3:6 with nominal reinforcement 8mm) ) | 2.43 $m^3$ @ 7033/$m^3$ = 17090 |
| കോൺക്രീറ്റിംഗിൽഅധികം ചെലവഴിച്ചത് | 8300 |
| അനുവദിച്ച റീ ഇൻഫോഴ്സ് മെന്റ് 10mm | 5x12.95x0.617 = 39.95<br>40x1.20x0.617 = 29.61<br>69.56 kg |

| | |
|---|---|
| അനവദനീയം8mm | 5x12.95x0.390 = 25.25<br>40x1.20x0.390= 18.72<br>43.97 kg |
| റീ ഇൻഫോഴ്സ് മെന്റിൽ അധികം ചെലവഴിച്ചത് | 25.59 kg @ 82.68 = 2116 |
| ആകെ അധികം ചെലവഴിച്ചത് | 8300 +2116 = 10416 |

സി)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പ്രളയക്കെടുതി വിവിധ റോഡുകൾ മെയിന്റനൻസ് |
| പ്രോജക്ട് നമ്പർ | S0293/19 |
| ചെലവു വിവരം | ബിൽ നം 147/27.03.19 രൂപ1322789/- |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| അളവുപുസ്തകം | MB S0293/19 |
| കരാറുകാരൻ | അലി പി.പി |
| 1:2:4 RCC യിൽ ബെൽറ്റ് നിർമ്മിച്ച തിന് നൽകിയ തുക | 4.07$m^3$ @8200/$m^3$ =33374 (ഐറ്റം നിരക്ക് ) |
| അനവദനീയം (PCC 1:3:6 with nominal reinforcement 8mm) ) | 4.07$m^3$ @6800/$m^3$ =27676 (ഐറ്റം നിരക്ക് ) |
| കോൺക്രീറ്റിംഗിൽഅധികം ചെലവഴിച്ചത് | 5698 |
| അനവദിച്ച റീ ഇൻഫോഴ്സ് മെന്റ് 12mm &10mm – മിഡിൽ ബെൽറ്റ് | 143X1.15 @0.888= 146.032<br>8x22.50 @0.617 = 111.060<br>257.092 kg |
| അനവദനീയം8mm | 143X1.15 @0.390 = 64.136<br>8x22.50 @0.390 = 70.20<br>134.336 kg |
| റീ ഇൻഫോഴ്സ് മെന്റിൽ അധികം ചെലവഴിച്ചത് | 122.756 kg @ 85 = 10434 |
| ആകെഅധികം ചെലവഴിച്ചത് | 5698 + 10434 = 16132 |

ഡി)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ചിറപ്പാടി കോളനി സംരക്ഷണഭിത്തി |
| പ്രോജക്ട് നമ്പർ | S0187/19 |
| ചെലവു വിവരം | അനുമതി നം 414/14.03.19 രൂപ262992/- |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| അളവുപുസ്തകം | MB 187/19 |
| കരാറുകാരൻ | ബിജു ബി.എൻ (12.20% കുറവ് ) |
| [illegible] | [illegible] |

| | |
|---|---|
| 1:2:4 RCC യിൽ ബെൽറ്റ് നിർമ്മിച്ചതിന് നൽകിയ തുക | 3.24 $m^3$ @8432.69/$m^3$ =27322 |
| അനുവദനീയം (PCC 1:3:6 with nominal reinforcement 8mm) ) | 3.24 $m^3$ @ 7033/$m^3$ = 22787 |
| കോൺക്രീറ്റിംഗിൽഅധികം ചെലവഴിച്ചത് | 4535 |
| അനുവദിച്ച റീ ഇൻഫോഴ്സ് മെന്റ് 10mm | 7X21.55x 0.617 = 93.07<br>144x0.95x0.617 = 84.41<br>177.48 kg |
| അനുവദനീയം 8mm | 7X21.55x 0.390 = 58.83<br>144x0.95x0.390 = 53.352<br>112.182 kg |
| റീ ഇൻഫോഴ്സ് മെന്റിൽ അധികം ചെലവഴിച്ചത് | 65.298 kg @ 82.68 = 5399 |
| ആകെഅധികം ചെലവഴിച്ചത് | 4535 + 5399 = 9934<br>(-)12.20% -- 1212<br>8722 |

മേൽപ്പറഞ്ഞ റോഡുകളെല്ലാം വീതി കുറഞ്ഞ റോഡുകളായതിനാൽ സംരക്ഷണ ഭിത്തിയുടെ മുകൾഭാഗം moving wheel loads വരുന്ന ഭാഗമാണെന്നും ടി ഭാഗത്ത് ഉണ്ടാകുന്ന സ്ട്രസ് (Tensile stress) ഒഴിവാക്കാൻ RCC അനിവാര്യമാണെന്ന മറുപടി അംഗീകരിക്കുന്നു. ഖണ്ഡികയിൽ സൂചിപ്പിച്ച സർക്കുലറിലും RCC തന്നെയാണ് പറഞ്ഞിരിക്കുന്നത്. (PCC 1:3:6 with nominal reinforcement 8mm steel bar). അതിനാൽ സാങ്കേതിക സർക്കുലർ പാലിച്ചുകൊണ്ട് പ്രവൃത്തികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ക്വാട്ടേഴ്സ് വാടക ശമ്പളത്തിൽ നിന്നും കുറവ് ചെയ്തില്ല -8588/-രൂപ നഷ്ടം

സെക്രട്ടറി ശ്രീ.ലതേഷ് കുമാർ വി.വി.ക്ക് താമസിക്കുന്നതിനായി വാഴപ്പിള്ളി സെന്റ് പോൾസ് റസിഡൻസിലെ 103-ാം നമ്പർ സ്റ്റുഡിയോ ഫ്ളാറ്റ് 08.6.2018 മുതൽ

നഗരസഭ വാടകയ്ക്ക് എടുക്കുകയും വാടകയിനത്തിൽ പ്രതിമാസം 8000/- രൂപ വീതം ആകെ 80,000/-രൂപ 2018-19 വർഷം നഗരസഭ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുമുണ്ട്. സൗജന്യമായി ലഭിക്കുന്ന ക്വാട്ടേഴ്സ് സൗകര്യം പ്രയോജനപ്പെടുത്തുന്ന ജീവനക്കാർ 35700-75600 ശമ്പള സ്കെയിലിനും അതിനു മുകളിലും വരുന്നവരാണെങ്കിൽ G.O.(P) 7/2016/Fin dtd.20.1.16 ഖണ്ഡിക 14 പ്രകാരം അടിസ്ഥാന ശമ്പളത്തിന്റെ 2% നിരക്കിൽ വാടക ടി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രതിമാസം കുറവു ചെയ്യേണ്ടതാണ്. കൂടാതെ വീട്ടുവാടക ബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതല്ല. വീട്ടു വാടക ബത്ത സെക്രട്ടറിക്ക് അനുവദിച്ചിട്ടില്ല. എന്നാൽ വാടക ശമ്പളത്തിൽ നിന്നും ഈടാക്കിയിട്ടില്ല.ഇതു മൂലം നഗരസഭാ ഫണ്ടിന് 8588/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈടാക്കേണ്ടിയിരുന്ന വാടകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ശമ്പള നിരക്ക്-39500-83000**

| **മാസം** | **അടിസ്ഥാന ശമ്പളം** | **2% നിരക്കിൽ കുറവു ചെയ്യേണ്ട വാടക** |
|---|---|---|
| ജൂൺ-2018 | 42500 | 850 |
| ജൂലൈ-2018 | 42500 | 850 |
| ആഗസ്റ്റ്-2018 | 42500 | 850 |
| സെപ്തംബർ-2018 | 42500 | 850 |
| ഒക്ടോബർ-2018 | 42500 | 850 |
| നവംബർ-2018 | 42500 | 850 |
| ഡിസംബർ-2018 | 43600 | 872 |
| ജനുവരി-2019 | 43600 | 872 |
| ഫെബ്രുവരി-2019 | 43600 | 872 |
| മാർച്ച്-2019 | 43600 | 872 |
| **ആകെ തുക** | | **8588/-** |

ഈ തുക 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 538(2) പ്രകാരമുള്ള പിഴപലിശ സഹിതം ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്. 2019-20 വർഷം ഈടാക്കാനുള്ള വാടകയും ഈടാക്കി നഗരസഭാഫണ്ടിൽ അടവാക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് 21.10.19 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 1 ന് നൽകിയ മറുപടിയിൽ വാടക ഗഡുക്കളായി തുടർന്ന് ശമ്പളത്തിൽ നിന്നും ഈടാക്കുന്നതാണെന്നാണ് അറിയിച്ചു.സെക്രട്ടറി 31.10.19 ന് പട്ടാമ്പി നഗരസഭയിലേക്ക് സ്ഥലം മാറ്റം ലഭിച്ച് പോയതിനാൽ ടി നഗരസഭയെ ഇക്കാര്യം അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പത്താം ക്ലാസിലെ കുട്ടികൾക്ക് ട്യൂഷൻ സമയത്ത് ലഘുഭക്ഷണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പ്രോജക്ട് നമ്പർ - 164/19

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ് ഗവൺമെന്റ് ഹൈസ്കൂൾ മൂവാറ്റുപുഴ

അടങ്കൽ - 1,00,000 വികസന ഫണ്ട് ജനറൽ

ബിൽ നമ്പർ 2/19- 22.11.18- 48048

5/19- 15.3.19 - 45408

2018-19 ൽ മൂവാറ്റുപുഴ ഗവൺമെന്റ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പത്താം ക്ലാസിലെ കുട്ടികൾക്ക് ട്യൂഷൻ സമയത്ത് ലഘുഭക്ഷണം-എന്ന പദ്ധതിക്കായി 93456 രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (എംഎസ്)22/18, തിയതി 14.2.18 പ്രകാരം ഇത്തരം പദ്ധതി ഏറ്റെടുക്കാവുന്നതായി കാണുന്നില്ല. കൂടാതെ പ്രസ്തുത മാർഗ്ഗരേഖയിൽ പറഞ്ഞിട്ടില്ലാത്ത ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി നേടിയിരിക്കണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം മുൻകൂർ അനുമതി വാങ്ങിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ പദ്ധതിരൂപീകരണ ഫോറം 3-ലെ ഖണ്ഡിക IV വിഷയമേഖല അടിസ്ഥാനത്തിലുള്ള പരിശോധനയും സാക്ഷ്യപത്രവും - എന്നതിൽ പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമാണോ എന്ന ചോദ്യത്തിന് "അല്ല" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (13/28.10.19) ന് ലഭ്യമാക്കിയ മറുപടിയിൽ പാവപ്പെട്ട കുട്ടികളായതിനാലാണ് ഇപ്രകാരം ചെയ്തതെന്ന് അറിയിച്ചിരിക്കുന്നു. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. സർക്കാരിൽ നിന്നും മുൻകൂർ അനുമതിയില്ലാതെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച പദ്ധതി പണം

(93456 രൂപ) ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# 3-2 കിഴക്കേക്കര പി.എച്ച്.സി മെയിന്റനൻസ് -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ -70/19, നിർവ്വഹണ ഉദ്യോസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ - 150000, കരാറുകാരൻ- എം. ബഷീർ, ബിൽ നമ്പർ - 112/19/ 22.3.19- 141517

കിഴക്കേക്കര പി.എച്ച്.സി മെയിന്റനൻസ് എന്ന പ്രവർത്തിയുടെ അളവ് പുസ്തകം 70/18-19 പുറം 11 പ്രകാരം ഇനം 2.1 ആയി ഇന്റർ ലോക്കിംഗ് കോൺക്രീറ്റ് പേവ്മെന്റ് എന്നയിനം താഴെപറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

4.8 x (4.6+3.15)/2 =18.6$m^2$

2.1x(2.25+2.15)/2 = 4.62$m^2$

1.8x0.3 = 0.54$m^2$

4x2.65 = 10.60$m^2$

ആകെ 34.36$m^2$ എന്നാൽ അളവ് പുസ്തകത്തിൽ ഈയിനം 35.96$m^2$ എന്ന് തെറ്റായി രേഖപ്പെടുത്തുകയും മൂല്യനിർണ്ണയം നടത്തിയപ്പോൾ 35.8$m^2$ ൽ പരിമിതപ്പെടുത്തി 1060.56/$m^2$ നിരക്കിൽ മൂല്യ നിർണ്ണയം നടത്തി തുക നൽകിയിട്ടുണ്ട്. തന്മൂലം 1.44$m^2$ന് മേൽ സൂചിപ്പിച്ച നിരക്കിൽ അധികം തുക നൽകിയിട്ടുള്ളതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (25/29.10.19) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച വിധം അധികം നൽകിയ 1527/- രൂപയിൽ (1.44$m^2$ x 1060.56/$m^2$) ടെണ്ടർ ഡിഡക്ഷൻ 5.29% കിഴിച്ച് 1446/- രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 3-3 തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി 2017-18 – നഷ്ടം 899593/-

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി |

| | |
|---|---|
| പ്രോജക്ട് നമ്പർ | S0253/18 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| ചെലവു വിവരം | ബിൽ നം 19/17-18 തീയതി 19.2.18 രൂപ1499037/- |

2017-18 വർഷത്തെ തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് (എസ്റ്റിമേറ്റ് നിരക്ക്) സൂചിപ്പിച്ച ശ്രീ.ജെയ്സൺ കുര്യാക്കോസിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. നിരക്കുകൾ ചുവടെ കൊടുക്കുന്നു.

ഇതനുസരിച്ച് തൻവർഷം താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ഇനം | അനുവദിച്ചത് |
|---|---|
| ട്യൂബ് ലൈറ്റ് | 2200 @ 455 = 1001000 |
| SV/MV ലാമ്പ് | 375@695 = 260625 |
| CFL | 854 @ 278 = 237412 |
| ആകെ | 1499037 |

ടെണ്ടർ വ്യവസ്ഥ പ്രകാരം കരാർ കാലാവധിക്കുള്ളിൽ കേടാകുന്ന ലൈറ്റുകളുടെ സ്പെയർപാർട്സുകൾ കരാറുകാരൻ തന്നെ മാറ്റേണ്ടതാണ്. എന്നാൽ ഇലക്ട്രിക്ക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭ തന്നെയാണ് അറ്റകുറ്റപ്പണിക്ക് ആവശ്യമായ മെറ്റീരിയൽസ് കരാറുകാരന് നൽകിയിട്ടുള്ളത്. കരാറുകാരൻ സ്പെയർപാർട്സുകൾ വാങ്ങുമ്പോൾ ഉണ്ടാകുന്നതുൾപ്പെടെയുള്ള നികുതികളും ലെവികളും ശരിയായ തെളിവുകൾ ഹാജരാക്കിയാൽ കരാറുകാരന് അനുവദിച്ചു നൽകാവുന്നതാണ് (സർക്കുലർ 3055/DA3/2011/തസ്വഭവ തീയതി 15.09.11). എന്നാൽ കരാറുകാരൻ സ്പെയർപാർട്സുകൾ വാങ്ങിയ ബില്ലുകൾഹാജരാക്കാത്തതിനാലും നഗരസഭ അറ്റകുറ്റപ്പണിക്ക് ആവശ്യമായ മെറ്റീരിയൽസ് നൽകിയിട്ടുള്ളതിനാലും ലേബർ ചാർജ്ജ് മാത്രം നൽകിയാൽ മതിയാകും. ജില്ലാപഞ്ചായത്ത് ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ് പാനൽ അസി. എഞ്ചിനിയർ ശ്രീ.കെ.ഐ.ജോർജ്ജ്(റിട്ട:) തയ്യാറാക്കിയ ക്വോട്ട് ചെയ്ത നിരക്കിൽ ഉൾപ്പെട്ട മെറ്റീരിയൽസിന്റെ വിലയും ലേബർ ചാർജ്ജും ചുവടെ കൊടുക്കുന്നു.

| ഇനം | നിരക്ക് | എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് (ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ് പാനൽ അസി. എഞ്ചിനിയർ തയ്യാറാക്കിയത്) | |
|---|---|---|---|
| | | മെറ്റീരിയൽസിന്റെ വില | ലേബർ ചാർജ്ജ് |
| ട്യൂബ് ലൈറ്റ് | 455 | 273 | 182 |
| SV/MV ലാമ്പ് | 695 | 417 | 278 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| CFL | 278 | 167 | 111 |

ഇതനുസരിച്ച് അനുവദിക്കാവുന്ന തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | അനുവദിക്കേണ്ടത് |
|---|---|
| ട്യൂബ് ലൈറ്റ് | 2200 @182 = 400400 |
| SV/MV ലാമ്പ് | 375 @278 = 104250 |
| CFL | 854 @ 111 = 94794 |
| ആകെ | 599444 |
| അനുവദിച്ചത് | 1499037/- |
| അധികം | 899593/- |

കരാറുകാരൻ മരണപ്പെട്ടിട്ടുള്ളതിനാൽ അധികം നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഇടാക്കേണ്ടതാണ്. മുൻ വർഷങ്ങളിൽ കെ.എസ്.ഇ.ബി.നടപ്പിലാക്കിയപ്പോഴും സാധനങ്ങൾ വാങ്ങിച്ച് നൽകിയിരുന്നതിനാലാണ് കരാറുകാരന് സാധനങ്ങൾ വാങ്ങി നൽകിയതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. തെരുവ് വിളക്ക് തെളിയിക്കുന്നതിനാവശ്യമായ സാധനങ്ങൾ വാങ്ങി നൽകുമ്പോൾ ലേബർ ചാർജ്ജിന് മാത്രമാണ് അർഹത. അതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

മറ്റു അപാകതകൾ

1, 2017-18വർഷത്തെ തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് കരാർ വെച്ചിരിക്കുന്നത് 12.07.17 ലാണ്. ടെണ്ടർ വ്യവസ്ഥയനുസരിച്ച് കാലാവധി അവസാനിക്കുന്നത് 11.07.18 ലാണ്. എന്നാൽ ഇക്കാലയളവിലേക്കുള്ള തുക കരാറുകാരന് 19.02.18 ൽ നൽകി ,( ബിൽ നമ്പർ 19/17-18 തീയതി 19.02.18 പ്രകാരം 1499037/- രൂപ) തെരുവു വിളക്കുകൾ നന്നാക്കുന്നതിന് കരാറിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് തന്നെ മുഴുവൻ തുകയും നൽകി.

2. 20.04.17 ലെ ടെണ്ടർ നോട്ടീസ് പ്രകാരം കാണിച്ചിരിക്കുന്ന തെരുവു വിളക്കുകളുടെ എണ്ണവും കരാറുകാരന് തുക അനുവദിച്ചിരിക്കുന്ന തെരുവു വിളക്കുകളുടെ എണ്ണവും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | ടെണ്ടർ നോട്ടീസു പ്രകാരം | കരാറുകാരന് തുക അനുവദിച്ചിരിക്കുന്നത് |
|---|---|---|
| ട്യൂബ് ലൈറ്റ് | 1598 | 2200 |
| SV/MV ലാമ്പ് | 695 | 375 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| CFL | 729 | 854 |

ആയത് പരിശോധിച്ച് അധികം നൽകാനിടയായിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ എണ്ണത്തിൽ കാര്യമായ വ്യതിയാനം സംഭവിച്ചിട്ടുള്ളത് രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയതിനാലാണ് എണ്ണം കൂടുതലായി കാണുന്നതെന്നാണ് ഇത് സംബന്ധിച്ച 40-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി. ആയത് ഓഡിറ്റിൽ ബോധ്യപ്പെടാനായില്ല.

# 3-4 തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി 2018-19 - നഷ്ടം 435146/-

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി |
| പ്രോജക്റ്റ് നമ്പർ | S0065/19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| ചെലവു വിവരം | ബിൽ നം 141/21.03.19രൂപ612248/- |
| | ബിൽ നം 142/27.03.19രൂപ 104887/- |
| | ബിൽ നം 143/23.03.19രൂപ 135803/- |

2018-19 വർഷത്തേക്ക് തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് (എസ്റ്റിമേറ്റ് നിരക്ക്) സൂചിപ്പിച്ച ശ്രീ.ജെയ്സൺ കുര്യാക്കോസിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. നിരക്കുകൾ ചുവടെ കൊടുക്കുന്നു.

| ഇനം | നിരക്ക് | എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് (ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ് പാനൽ അസി. എഞ്ചിനിയർ തയ്യാറാക്കിയത്) | |
|---|---|---|---|
| | | മെറ്റീരിയൽസിന്റെ വില | ലേബർ ചാർജ്ജ് |
| ട്യൂബ് ലൈറ്റ് | 455 | 273 | 182 |
| SV/MV ലാമ്പ് | 695 | 417 | 278 |
| CFL | 278 | 167 | 111 |

ഇതനുസരിച്ച് തൻവർഷം താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ഇനം | അനുവദിച്ചത് |
|---|---|
| ട്യൂബ് ലൈറ്റ് | 2104 @ 455 = 957320 |
| | (-) cost of unsupplied materials (1264 x 273) = 345072 |
| | [illegible] |

| | |
|---|---|
| | നൽകിയ തുക ---- 612248/- |
| SV/MV ലാമ്പ് | 460 @695 = 319700 |
| | (-) cost of unsupplied materials (441x 417) = 183897 |
| | നൽകിയ തുക ---- 135803/- |
| CFL | 802 @ 278 = 222956 |
| | (-) cost of unsupplied materials (707x 167) = 118069 |
| | നൽകിയ തുക ---- 104887/- |
| ആകെ | 852938/- |

1.ടെണ്ടർ വ്യവസ്ഥ പ്രകാരം കരാർ കാലാവധിക്കുള്ളിൽ കേടാകുന്ന ലൈറ്റുകളുടെ സ്പെയർപാർട്സുകൾ കരാറുകാരൻ തന്നെ മാറ്റേണ്ടതാണ്. എന്നാൽ തൻവർഷം നഗരസഭ തന്നെയാണ് അറ്റകുറ്റപ്പണിക്ക് ആവശ്യമായ മെറ്റീരിയൽസ് കരാറുകാരന് നൽകിയിട്ടുള്ളത്. കരാറുകാരൻ സ്പെയർപാർട്സുകൾ വാങ്ങുമ്പോൾ ഉണ്ടാകുന്നതുൾപ്പെടെയുള്ള നികുതികളും ലെവികളും ശരിയായ തെളിവുകൾ ഹാജരാക്കിയാൽ കരാറുകാരന് അനുവദിച്ചു നൽകാവുന്നതാണ്. എന്നാൽ കരാറുകാരൻ സ്പെയർപാർട്സുകൾ വാങ്ങിയ ബില്ലുകൾഹാജരാക്കാത്തതിനാലും നഗരസഭ അറ്റകുറ്റപ്പണിക്ക് ആവശ്യമായ മെറ്റീരിയൽസ് നൽകിയിട്ടുള്ളതിനാലും ലേബർ ചാർജ്ജ് മാത്രം നൽകിയാൽ മതിയാകും.

2. 2017-18വർഷത്തെ തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് ശ്രീ.ജെയ്സൺ കുര്യാക്കോസാണ് കരാർ വെച്ചിരിക്കുന്നത് . 12.07.17 ൽ വെച്ചിട്ടുള്ള കരാർ ടെണ്ടർ വ്യവസ്ഥയനുസരിച്ച് കാലാവധി അവസാനിക്കുന്നത് 11.07.18 ലാണ്. ഇക്കാലയളവിലേക്കുള്ള തുകയായി കരാറുകാരന് ബിൽ നമ്പർ 19/17-18 തീയതി 19.02.18 പ്രകാരം 1499037/- (അടങ്കൽ 15 ലക്ഷം) രൂപ നൽകിയിട്ടുണ്ട്. എന്നാൽ തെരുവു വിളക്കുകൾ നന്നാക്കുന്നതിന് കരാറുകാരന്റെ കാലാവധി 2018മാർച്ച് 30 ന് അവസാനിച്ചിരിക്കുകയാണെന്നും ആയതിനാൽ റിപ്പയർ ചെയ്യുന്നതിനും മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിനും പറ്റാതെ വന്നിരിക്കുകയാണെന്നും PW1-7182/18, 7182/18(1), 7182/18(2) നമ്പർ ഫയലുകളിൽ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് 2018-19 വർഷത്തെ തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് ടെണ്ടർക്ഷണിച്ചിരിക്കുന്നത്.

2018-19 വർഷത്തെ കരാർ വെച്ചിരിക്കുന്നതും ശ്രീ.ജെയ്സൺ കുര്യാക്കോസ് ആണ്. കരാർ വെച്ചിരിക്കുന്നത് 02.05.18 ലാണ്. 11.07.18 വരെയുള്ള കാലയളവിലേക്കുള്ള തുക 2017-18വർഷത്തെ പ്രോജക്ടിൽപ്പെടുത്തി (ഫയൽ PW1 7385/17, PW1 7385/17(1), PW1 7385/17(2)) നൽകിയിട്ടുണ്ട്. അതിനാൽ 11-07-18 വരെയുള്ള കാലയളവിൽ

റിപ്പയർചെയ്യുന്നതിന് കൈപ്പറ്റിയ സാധനങ്ങളുടെ അടിസ്ഥാനത്തിൽ 2018-19 വർഷം താഴെപ്പറയുന്ന എണ്ണം തെരുവു വിളക്കുകൾക്കുള്ള തുക കരാറുകാരന് നൽകേണ്ടതില്ല.

| ഇനം | കൈപ്പറ്റിയ ലൈറ്റുകളുടെ എണ്ണം | റിമാർക്സ് |
|---|---|---|
| ട്യൂബ് | 850 | സ്റ്റോക്ക് രജിസ്റ്റർ പേജ് 6 , 98 |
| CFL | 86 | സ്റ്റോക്ക് രജിസ്റ്റർപേജ് 46 , 49 |
| SV | 64 | സ്റ്റോക്ക് രജിസ്റ്റർപേജ് 46 , 49 |

ക്രമ നമ്പർ(1), (2) ൽ പറയുന്ന അപാകതകളുടെ അടിസ്ഥാനത്തിൽ അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു,

| ഇനം | അനുവദിക്കേണ്ടത് |
|---|---|
| ട്യൂബ് ലൈറ്റ് | 1254 (2104- 850) @182 =228228 |
| SV/MV ലാമ്പ് | 396 (460 -64) @278 = 110088 |
| CFL | 716 (802 – 86) @ 111 = 79476 |
| ആകെ | 417792/- |
| അനുവദിച്ചത് | 852938/- |
| അധികം | 435146/- |

കരാറുകാരൻ മരണപ്പെട്ടിട്ടുള്ളതിനാൽ അധികം നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

**മറ്റു അപാകതകൾ**

എ) ടെണ്ടറിൽ തെരുവുവിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട ധാരാളം വ്യവസ്ഥകൾ പറഞ്ഞിരുന്നെങ്കിലും കരാറിൽ പ്രസ്തുത വ്യവസ്ഥകൾ ഉൾപ്പെടുത്താതെ മരാമത്ത് പ്രവൃത്തികൾക്കുള്ള വ്യവസ്ഥകൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ബി).തെരുവു വിളക്കുകളുടെ പരിപാലനം ടെണ്ടറിംഗ് മുഖേന നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ (സർക്കുലർ 3055/DA3/2011/തസ്വഭവ തീയതി 15.09.11) സ്പെയർപാർട്സുകൾ മാറ്റിവെക്കുന്നതിലോ കരാറിൽ ഉൾപ്പെടുന്ന മറ്റു ജോലികളിലോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് യാതൊരു പങ്കുമുണ്ടായിരിക്കില്ലെന്ന നിബന്ധനയുള്ളപ്പോഴും 12.04.18ലെ ടെണ്ടറിംഗ് വ്യവസ്ഥയിൽ സ്പെയർപാർട്സുകൾ കരാറുകാരൻ തന്നെ റീപ്ലേസ് ചെയ്യേണ്ടതാണെന്ന് വ്യവസ്ഥയുള്ളപ്പോഴും ഇത് പാലിക്കാതെ നഗരസഭ മെറ്റീരിയൽസ് വാങ്ങി നൽകി.

സി).തെരുവു വിളക്കുകളുടെ പരിപാലനം ടെണ്ടറിംഗ് മുഖേന നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന തരത്തിലുള്ള പരാതി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല,

ഡി). 12.04.18ലെ ടെണ്ടറിംഗ് വ്യവസ്ഥയിൽ പറഞ്ഞിരിക്കും പ്രകാരമുള്ള റിപ്പയേർഡ് ലിസ്റ്റും പെൻഡിംഗ് ലിസ്റ്റും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. പകരം കൗൺസിലർമാർ നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്.

ഇ)തെരുവു വിളക്കുകൾക്കുള്ള മെറ്റീരിയൽസ് വാങ്ങുന്ന പ്രോജക്ട് പ്രകാരം ട്യൂബ് ഒഴികെയുള്ളവയ്ക്ക് വാറണ്ടിയുള്ളതിനാൽ വാറണ്ടി കാലയളവിൽ കേടുപറ്റുന്നവ വാങ്ങിയ സ്ഥാപനത്തിൽ നിന്നും റീപ്ലേസ് ചെയ്തു വാങ്ങാമായിരുന്നു. എന്നാൽ തെരുവു വിളക്കു പരിപാലനത്തിന് കരാർ ഏറ്റെടുത്തയാൾ കേടുവന്ന ഉപകരണങ്ങൾ നഗരസഭയിൽ തിരികെ ഏല്പിക്കാത്തതിനാൽ വാറണ്ടികാലയളവിൽ കേടുപറ്റിയവ വാങ്ങിയ സ്ഥാപനത്തിൽ നിന്നും റീപ്ലേസ് ചെയ്തു വാങ്ങുവാൻ സാധിക്കാതെ വന്നു. കേടുവന്ന സാധനങ്ങൾ യഥാസമയം കരാറുകാരൻ നഗരസഭയിൽ തിരിച്ചേൽപ്പിച്ചിട്ടുള്ളതാണെന്നും വാറണ്ടി കാലാവധിയിൽ കേടുവന്നവ റീപ്ലേസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

എഫ്) 12.04.18ലെ ടെണ്ടറിംഗ് വ്യവസ്ഥ 6 ൽ തെരുവു വിളക്കുകളുടെ കേടുപാടുകൾ 48 മണിക്കൂറിനുള്ളിൽ മാറ്റി ആയത് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും അല്ലാത്തപക്ഷം ഓരോ മണിക്കൂറിനും താഴെപ്പറയുന്ന നിരക്കിൽ പിഴ ബില്ലിൽ നിന്നും കുറവു ചെയ്യാനും വ്യവസ്ഥ ചെയ്യുന്നു.

CFL/ സിംഗിൾ ട്യൂബ് - 4/-

ഡബിൾ ട്യൂബ് സെറ്റ് - 5/-

SVലാമ്പ് - 10/-

16.12.18ൽ 10-ാം വാർഡ് കൗൺസിലർ നൽകിയ കത്തിൽ 10-ാം വാർഡിലെ സ്ട്രീറ്റ് ലൈറ്റുകളും SVലാമ്പുകളും മാസങ്ങളായി കത്തുന്നില്ലെന്നും പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും നടപടിയുണ്ടാകുന്നില്ലെന്നും കരാർ വ്യവസ്ഥ പാലിക്കാത്തതിനാൽ കരാറുകാരനെ മാറ്റുവാനും രേഖാ മൂലം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നിട്ടും തെരുവു വിളക്കുകളുടെ കേടുപാടുകൾ യഥാസമയം തീർക്കാതിരുന്നതിന് ടെണ്ടറിംഗ് വ്യവസ്ഥ 6 പ്രകാരമുള്ള ഫൈൻ ഈടാക്കിയില്ല. കനത്ത മഴയും വെള്ളപ്പൊക്കവും കാരണം വൈദ്യുതി ബന്ധവും വിതരണവും അറ്റുപോയതിനാലാണ് ചില ഭാഗങ്ങളിൽ അറ്റകുറ്റപ്പണിക്ക് താമസം നേരിട്ടത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ പരാതിയിൽ മാസങ്ങളായി

തെരുവ് വിളക്കുകൾ തെളിയുന്നില്ലെന്നാണ് സൂചിപ്പിക്കുന്നത്. ആയത് പരസ്പരവിരുദ്ധമാണ്.

ജി). 27.10.18 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ച പുതുക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണവും 12.04.18ലെ ടെണ്ടറിലെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണവും കാണിച്ചിരിക്കുന്നത് ചുവടെ കൊടുക്കുന്നു.

| ഇനം | സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം | 12.04.18ലെ ടെണ്ടർ പ്രകാരം |
|---|---|---|
| ട്യൂബ് ലൈറ്റ് | 1598 | 2104 |
| SV/MV ലാമ്പ് | 362 | 460 |
| CFL | 729 | 802 |
| LED | 100 | ---- |

മേൽപ്പറഞ്ഞ വ്യത്യാസത്തിന് വിശദീകരണം നൽകിയിട്ടില്ല.

എച്ച് ). കരാർ കാലാവധി ഒരു വർഷമാണെന്നിരിക്കെ (02.05.18 മുതൽ 01.05.19 വരെ) 20.03.19 ൽ മുഴുവൻ തെരുവു വിളക്കുകളുടേയും തുക കരാറുകാരന് അനുവദിച്ചിരിക്കുന്നു.

ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-5 centering &shuttering ന് ഉയർന്ന നിരക്ക് അനുവദിച്ചത് അധികച്ചെലവിനിടയാക്കി – നഷ്ടം 5318/-

DR masonaryയിൽ സംരക്ഷണഭിത്തി നിർമ്മിച്ചിരിക്കുന്നതിന് മുകളിൽ wearing coat / ബെൽറ്റ് നൽകിയതിന് centering &shuttering ന് അനുവദിച്ചിരിക്കുന്ന നിരക്ക് ലിന്റൽ, ബീം, പ്ലിന്ത് ബിം എന്നിവ നിർമ്മിക്കുമ്പോൾ അനുവദിക്കുന്ന നിരക്കാണ്. അനുവദനീയമായ നിരക്ക് 283.32/$m^2$ ആണ്. ഉയർന്ന നിരക്ക് അനുവദിച്ചത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

എ)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മുറിക്കൽ കോളനി കൊന്നക്കൽ കോളനി സംരക്ഷണ ഭിത്തി നിർമ്മാണം- മെയിന്റനൻസ് |
| പ്രോജക്ട് നമ്പർ | S0223/19 ( S0264/18) |
| ചെലവു വിവരം | ബിൽ നം 42/29.10.18രൂപ192953/- |
| [illegible] | [illegible] |

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| അളവുപുസ്തകം | MB S0264/18 |
| കരാറുകാരൻ | അലി പി.പി |

| | |
|---|---|
| അനുവദിച്ചത് | 11.26 $m^2$ @500.91/$m^2$ = 5640 |
| അനുവദനീയം | 11.26 $m^2$ @283.32/$m^2$ = 3190 |
| അധികം | 2450/- |

ബി)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ചിറപ്പാടി കോളനി സംരക്ഷണഭിത്തി |
| പ്രോജക്ട് നമ്പർ | S0187/19 |
| ചെലവു വിവരം | അനുമതി നം 414/14.03.19 രൂപ262992/- |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| അളവുപുസ്തകം | MB 187/19 |
| കരാറുകാരൻ | ബിജു ബി.എൻ (12.20% കുറവ്) |

| | |
|---|---|
| അനുവദിച്ചത് | 9.79 $m^2$ @616.90/$m^2$ = 6040 |
| അനുവദനീയം | 9.79 $m^2$ @ 283.32/$m^2$ = 2774 |
| അധികം | 3266 - 399 = 2867 |

അധികം നൽകിയ 5317/- (2450 + 2867) രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-6 ശാസ്തമംഗലം ആശ്രമം റോഡ് സംരക്ഷണ ഭിത്തി - അളവ് തെറ്റായി രേഖപ്പെടുത്തിയതു വഴി അധികം നൽകിയത് 10988/-

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ശാസ്തമംഗലം ആശ്രമം റോഡ് സംരക്ഷണ ഭിത്തി |
| പ്രോജക്ട് നമ്പർ | S0177/19 |
| ചെലവു വിവരം | ബിൽ നം 103/11.03.19രൂപ223432/- |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| അളവുപുസ്തകം | MB S0177/19 |

| | |
|---|---|
| കരാറുകാരൻ | അജ്മാൻ ( 9.99% കുറവ് ) |

എ)ശാസ്തമംഗലം ആശ്രമം റോഡ് സംരക്ഷണ ഭിത്തി നിർമ്മാണത്തിൽ ഫൌണ്ടേഷന്റെ ഒരു ഭാഗമായി പേജ് 3ൽ രേഖപ്പെടുത്തിയിരിക്കുന്നത് ചുവടെ കൊടുക്കുന്നു.

$5.30 \times 0.90 \times 0.50 = 2.385 m^3$

എന്നാൽ ഇതിന് മുകളിലായി സൂപ്പർസ്ട്രക്ച്ചർ നിർമ്മിച്ചിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നത് താഴെപ്പറയും പ്രകാരമാണ്.

$5.30 \times (0.70 + 1.50)/2 \times 1 = 5.830 m^3$

ഫൌണ്ടേഷന്റെ വീതി 0.90 മീറ്റർ ആയിരിക്കെ 1.50 മീറ്റർ വീതിയിൽ സൂപ്പർസ്ട്രക്ച്ചർ നിർമ്മിക്കാനാകില്ല. സൂപ്പർസ്ട്രക്ച്ചർ നിർമ്മിച്ചതിന് പുറമേ 0.50 മീറ്റർ വീതിയിലാണ് ബെൽറ്റ് നിർമ്മിച്ചിരിക്കുന്നത് അതിനാൽ സൂപ്പർസ്ട്രക്ച്ചർ നിർമ്മിച്ചിരിക്കുന്നതിന്റെ അളവ് താഴെപ്പറയും പ്രകാരമാണ്.

$5.30 \times (0.70 + 0.50)/2 \times 1 = 3.18 m^3$

അധികം അനുവദിച്ചത് -- $5.830 - 3.18 = 2.65 m^3$

അധികം നൽകിയ തുക -- $2.65 m^3$ @2803 $/m^3$ = 7428

കുറയ്ക്കുക 9.99% --- 7428 - 742 = 6686/-

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

ബി) ടി പ്രവൃത്തിയിൽ റീ ഇൻഫോഴ്സ്മെന്റിന് 8mm സ്റ്റീൽ ബാർ ഉപയോഗിച്ചതിന് ഭാരം കണക്കാക്കുന്നതിന് coefficient 0.888 /kg എന്നാണ് എടുത്തിരിക്കുന്നത്. യഥാർത്ഥത്തിൽ 0.390/kg ആണ് എടുക്കേണ്ടത്. ഇത് അധികം തുക നൽകാനിടയാക്കി. അധികം നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അനുവദിച്ച 8mm സ്റ്റീൽ ബാറിന്റെ അളവ് | 258 x 0.45 @ 0.888 = 103.097 kg |
| ശരിയായ അളവ് | 258 x 0.45 @ 0.390 = 45.279 kg |
| അധികം | 57.818 kg |
| അധികം നൽകിയ തുക | 57.818 @ 82.68 = 4780<br>(-) 9.99% ----- 478<br>4302 |

ടി തുകയുൾപ്പെടെ 10988രൂ (6686+4302) കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ 23-ാം നമ്പർ എൻക്വയറിക്ക് തുക തിരിച്ച് പിടിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നുവെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

# 3-7 കാലി വീപ്പയുടെ വില ഈടാക്കിയില്ല. നഷ്ടം 90482/-

തൻവർഷം നടപ്പിലാക്കിയിട്ടുള്ള റോഡ് ടാർ ചെയ്യുന്ന പ്രവൃത്തിയിൽ പാക്കഡ് ബിറ്റുമിൻ, RS1& SS1 ആണ് ഉപയോഗിച്ചിട്ടുള്ളത്. ഇതിനുള്ള നിരക്കും കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ബിൽ പ്രകാരം കരാറുകാർക്ക് തുക നൽകിയപ്പോൾ കാലി വീപ്പയുടെ വില ഈടാക്കിയില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഉപയോഗിച്ച ടാറിനുള്ള കാലിവീപ്പയുടെ എണ്ണം | ഈടാക്കേണ്ടവില @281/- (GST ഉൾപ്പെടെ) | ചെലവു വിവരം (ബിൽ നമ്പർ) | കരാറുകാരൻ |
|---|---|---|---|---|---|
| 1. | ഇല്ലിക്കൽ കടവ് റോഡ് മെയിന്റനൻസ് | 20 | 5620 | 173/21.3.19 | N.A സുബൈർ |
| 2. | ആനച്ചാൽ റോഡ് ആനച്ചാൽ ലിങ്ക് റോഡ് മെയിന്റനൻസ് | 29 | 8149 | 84/01.03.19 | N.A സുബൈർ |
| 3 | ITR റോഡ് മെയിന്റനൻസ് | 19 | 5339 | 131/26.3.19 | N.A സുബൈർ |
| 4 | പള്ളിക്കാവ് സെൻട്രൽ റോഡ് ടാറിംഗ് | 13 | 3653 | 104/12.3.19 | N.A സുബൈർ |
| 5 | രാജീവ് നഗർ റോഡ് റീടാറിംഗ് | 22 | 6182 | 111/15.3.19 | പി.പി അലി |
| 6 | പ്രളയക്കെടുതി വിവിധറോഡുകൾ മെയിന്റനൻസ് | 6 | 1686 | 147/27.3.19 | പി.പി അലി |
| 7 | EMS കനാൽ ബണ്ട്റോഡ് | 28 | 7868 | 92/11.3.19 | പി.എം നാസർ |
| 8 | ഓലിപ്പാറ റോഡ് ശാസ്താക്ഷേത്രം | 31 | 8711 | 78/11.3.19 | പി.എം നാസർ |

| | | | | | |
|---|---|---|---|---|---|
| | റോഡ് റീടാറിംഗ് | | | | |
| 9 | ഓലിപ്പാറ ലിങ്ക് റോഡ്, തൃക്ക ഊന്നുകാൽ റോഡ്, | | | 106/20.3.19 | |
| 10 | എസ്.എൻ.ഡി.പി റോഡ് അറ്റകുറ്റപ്പണി | 122 | 34282 | 82/11.3.19 | കെ.ഗോപി |
| 11 | മോളേക്കുടി പഴക്കാശ്ശേരി റോഡ് | | | 85/11.3.19 | |
| 12 | ശ്മശാനം പ്രിയദർശിനി റോഡ് റീ ടാറിംഗ് | 32 | 8992 | 108/20.3.19 | എൻ.ഇ. സിറാജ് |
| | ആകെ | | 90482 | | |

കാലിവീപ്പയുടെ വില കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണഉദ്യോഗസ്ഥനായ അസി.എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ബിറ്റുമിൻ കരാറുകാരൻ സ്വന്തമായി വാങ്ങി ഉപയോഗിച്ചിട്ടുള്ളതിനാലാണ് കാലിവീപ്പയുടെ വില ഈടാക്കാതിരുന്നത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. പാക്കഡ് ബിറ്റുമിന്റെ നിരക്ക് അനുവദിച്ചിട്ടുള്ളതിനാലാണ് കാലി വീപ്പയുടെ വില ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്.

# 3-8 ബിരുദ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പ്രോജക്ട് നമ്പർ -57/19, നിർവ്വഹണ ഉദ്യോസ്ഥൻ- സെക്രട്ടറി അടങ്കൽ - 90000/- (ടി.എസ്.പി), ബിൽ നമ്പർ-108/19/30.1.19 -59680/-

ബിരുദ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-പദ്ധതി പ്രകാരം തൊടുപുഴ യിലെ ഇൻസൈറ്റ് സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്നും 29,840/- രൂപ നിരക്കിൽ രണ്ട് ലാപ് ടോപ്പുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിമിഷ കെ മണി എന്നയാൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള സാക്ഷ്യപത്രപ്രകാരം ഇയാൾ എലിമെന്ററി എജ്യുക്കേഷൻ ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിനിയാണ് (എസ്.ഡി.പി.വൈ സ്കൂൾ ഓഫ് ടി.ടി.ഐ, പള്ളുരുത്തി). പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ 22/18 തിയതി 14.2.18 പ്രകാരം ഇത്തരം കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് ലാപ് ടോപ്പ് ആനുകൂല്യം നൽകാവുന്നതല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (15/28.10.19) ന് മറുപടി ലഭ്യമാക്കിയില്ല.

മാർഗ്ഗരേഖയ്ക്ക് (സർക്കാർ ഉത്തരവ് (എംഎസ്)22/18 /14.2.18) വിരുദ്ധമായി ചെലവഴിച്ച 29,840/- രൂപ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ബന്ധപ്പെട്ടവരിൽ നിന്നോ ഈടാക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ വലിക്കൽ | 21801749/20.10.18 | 531000 | 00 | 531000 |
| | | 21801773/ 10.11.18 | 100000 | 00 | 100000 |
| | | 21801964/ 20.3.19 | 569000 | 00 | 569000 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 21801738/ 12.9.18 | 691654 | 00 | 691654 |
| | | 21801750/ 24.10.18 | 13789 | 00 | 13789 |
| | | 21801791/ 1.12.18 | 175791 | 00 | 175791 |
| | | 21801889/ 12.2.19 | 18766 | 00 | 18766 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

# 4-4 വായ്പ / വായ്പ തിരിച്ചടവ്

തൻവർഷം വായ്പാതിരിച്ചടവ് നടത്തിയിട്ടില്ല.

| ഉത്തരവ് | ലൈഫ്/ പി.എം. എ,വൈ ലോൺതുക | | വർഷാരംഭത്തിൽ തിരിച്ചടക്കുവാനുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടക്കുവാൻ ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഉത്തരവ് നമ്പർ ലഭ്യമാക്കിയില്ല | പി.എം.എ. വൈ | 13480000 | 00 | 00 | 00 | 13480000 |
| ഉത്തരവ് നമ്പർ ലഭ്യമാക്കിയില്ല | കെ.യു.ആർ. ഡി.എഫ്.സി | 3759500 | 22851047+ 3625323 (പലിശ) | 00 | 00 | 26476370 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 3842736 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 6820566 |
| ആകെ | 10663302 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10663302 |

**(2018-19)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് (ഇ.ഡി.സി.ബി) | 824421 | 012385000000005 |
| | 1402530 | 012385000000006 |
| മൂവാറ്റുപുഴ അർബൻ സഹകരണ ബാങ്ക് | 1500000 | 0237956 |
| | 5027760 | 0237957 |
| ആകെ | **8754711** | |
| സിൻഡിക്കേറ്റ് ബാങ്ക് | 1908591 | അക്കൗണ്ടിൽ തന്നെ സ്ഥിരനിക്ഷേപമായി മാറ്റിയിട്ടിരിക്കുന്നു. |
| ആകെ | 10663302 | |

മൂവാറ്റുപുഴ നഗരസഭയുടെ 2018-19 വാർഷിക ധനകാര്യപത്രികയിലെ സ്ഥിരനിക്ഷേപം എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 31/03/2019- ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം 10663302/- ആണെങ്കിലും, ബാലൻസ് ഷീറ്റിലെ B-12 ഷെഡ്യൂളിൽ വരുന്നത് **8754711**/

എന്ന തുക മാത്രമാണ്. ബാക്കി 1908591/- രൂപ അർബൻ ഹാറ്റ് എന്ന പ്രൊജക്ടിന്റെ അക്കൗണ്ടായ സിൻഡിക്കേറ്റ് ബാങ്കിലെ എസ്.ബി.അക്കൗണ്ടിൽ തന്നെ സ്ഥിരനിക്ഷേപമായി മാറ്റിയിട്ടിരിക്കുകയാണ്. കൂടാതെ വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം-ഇക്വറ്റി ഷെയറിന്റെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| Equit share-CLEAN KERALA COMPANY LIMITED (Rs. 1000/- x 500Nos.) | 500000/- |

# 4-6 ഓഡിറ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ 61080/-രൂപ വരവുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കി ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|---|---|
| 1 | 2015-16 | 2-2(എ)8-1 | 400 | മിസ്യാമ്മ തോമസ്, പെരിയാർ ലാറ്റക്സ് | 1180101 04532/7.9.18 |
| 2 | 2015-16 | 3-3(1) | 1320 | സുബൈദ റ്റി.എച്ച്, തെറ്റിലമാരിയിൽ | 1180101 04584/11.9.18 |
| 3 | 2015-16 | 2-2 ബി(3) | 150 | ഷിഹാബ് പി.എസ്, മാനേജർ ഫോക്കസ് ഓട്ടോമൊബൈൽസ് | 11801010 4792/18.9.18 |
| 4 | 2016-17 | 2-6(13) | 13450 | മാനേജർ ഇൻഡക്സ് ലാന്റ് ബാങ്ക് പ്രൊഫഷൻ ടാക്സ് | 11801040 0077/5.10.18 |
| 5 | 2016-17 | 2-6(13) | 10060 | മാനേജർ ഇൻഡക്സ് ലാന്റ് ബാങ്ക് പ്രൊഫഷൻ ടാക്സ് | 1180104 00078/5.10.18 |
| 6 | 2015-16 | 2-2ബി-2 | 250 | അനീഷ് ചിറക്കൽ | 1180101 06135/3.11.18 |
| 7 | 2016-17 | 2.6(9) | 1350 | മാനേജർ, കെ.എൽ.എം. ഫിൻ കോർപ്പ്. | 1180101 08027/14.1.19 |
| 8 | 2016-17 | 2.6(9) | 1350 | മാനേജർ, കെ.എൽ.എം. ഫിൻ കോർപ്പ്. | 1180101 08027/14.1.19 |
| 9 | 2017-18 | 2-2,2(33) | 660 | പ്രൊപ്രൈറ്റർ, എ&ജെ ഡയഗ്നോസ്റ്റിക് സെന്റർ | 1180101 10851/25.2.19 |
| 10 | 2017-18 | 2- | 2250 | മാനേജർ കബനി | 1180101 |

| | | | | | |
|---|---|---|---|---|---|
| | | 2,2(23) | | ഹോട്ടൽ | 10923/25.2.19 |
| 11 | 2017-18 | 2-2,20-(21) | 1800 | മാനേജർ, വിന്റേജ് വിൽസ് | 1180101 10992/25.2.19 |
| 12 | 2017-18 | 2-2,(2)45 | 3000 | മാനേജർ, എം.വി.എം വെസ്സൽസ് | 1180101 117744/28.2.19 |
| 13 | 2017-18 | 2-2,2-(21) | 1800 | മാനേജർ, വിന്റേജ് വിൽസ് | 41800 262/5.3.19 |
| 14 | 2017-18 | 2-2,2-(23) | 2250 | മാനേജർ, കബനി ഹോട്ടൽ | 41800 263/5.3.19 |
| 15 | 2017-18 | 2-2,2-(23) | 540 | പ്രൊപ്രൈറ്റർ, എ&ജെ ഡയഗ്നോസ്റ്റിക് സെന്റർ | 418002 64/5.3.19 |
| 16 | 2017-18 | 2-2(2)34 | 3150 | മാനേജർ ദേവി സ്കാനിംഗ് സെന്റർ | 11801011 3122/22.3.19 |
| 17 | 2016-17 | 2-6(3) | 4800 | അബ്ദുൾ റഹിം പെട്രോൾ പമ്പ് | 11801011 3207/25.3.19 |
| 18 | 2017-18 | 2-2(2)43 | 4800 | അബ്ദുൾ റഹിം പെട്രോൾ പമ്പ് | 11801011 3208/25.3.19 |
| 19 | 2017-18 | 2-2(1)7 | 6800 | ഡോ.ബൈജു പോൾ കുര്യൻ, കുര്യൻസ് ക്ലിനിക്ക് | 11801011 3438/28.3.19 |
| 20 | 2017-18 | 2-2(2)22 | 900 | മാനേജർ, ലാമോഡാ ഗാർമെന്റ്സ് | 11801011 3489/29.3.19 |
| **ആകെ** | | | **61080** | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 2-7 | 2006-07 | 4.15.1 | സത്രം-കം ഷോപ്പിംഗ് കോംപ്ലക്സ് വാടക വർദ്ധനവ് | LFAC 2016-19 22-ാമത് റിപ്പോർട്ട് ഖ.95 പ്രകാരം ഒഴിവാക്കി |

| | | | | | |
|---|---|---|---|---|---|
| | | | | വരുത്താ തിരിക്കൽ നഷ്ടം- 39222/- രൂപ | |
| 2006-07 | 3.30.2 | 2009-10 | 3.8.22(1) | ആധുനിക അറവുശാല നിർമാണം. നഗരസഭയുടെ അശ്രദ്ധമൂലം ലക്ഷങ്ങളുടെ പാഴ്ച്ചെലവ്- 13 ലക്ഷം | LFAC 2016-19 22-ാമത് റിപ്പോർട്ട് പ്രകാരം അറവുശാല അറ്റകുറ്റപ്പണി നടത്തി PCB നിർദ്ദേശാനുസരണമുള്ള മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തി ഉപയോഗക്ഷമമാക്കണം. |
| 2006-07 | 3.14.1 | 2009-10 | 3.7.11(1) | വനിതാ വ്യവസായ വികസനം ഫോട്ടോസ്റ്റാറ്റ് മെഷിൻ സ്ഥാപിക്കൽ | LFAC 2016-19 22-ാമത് റിപ്പോർട്ട് പ്രകാരം ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണം. |
| 2006-07 | 2-2(7) | 2009-10 | 2-6-5 | കംഫർട്ട് സ്റ്റേഷൻ ലേലം നഷ്ടം 60000/- | LFAC 2016-19 22-ാമത് റിപ്പോർട്ട് പ്രകാരം പിഴപ്പലിശ ഈടാക്കണം. |

# 4-8 ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 253,367,823 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 234,567,273 |
| വരവിനങ്ങളിലുള്ള നഷ്ടം | 8,588 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,566,269 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,162,212 |

**<u>ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 8588 | | ശ്രീ. ലതേഷ് കുമാർ വി.വി., സെക്രട്ടറി |
| 3-1 | | 93456 | ശ്രീമതി അജിതാ കുമാരി ഹെഡ്മിസ്ട്രസ് ,ഗവ ഹൈസ്കൂൾ |
| 3-2 | | 1446 | ശ്രീ.മൻസൂർ.റ്റി.എ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 899593 | ശ്രീ.മൻസൂർ.റ്റി.എ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 435146 | ശ്രീ.മൻസൂർ.റ്റി.എ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 5317 | ശ്രീ.മൻസൂർ.റ്റി.എ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | | 10988 | ശ്രീ.മൻസൂർ.റ്റി.എ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | | 90482 | ശ്രീ.മൻസൂർ.റ്റി.എ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | | 29840 | ശ്രീ. ലതേഷ് കുമാർ വി.വി., സെക്രട്ടറി |
| ആകെ | 8588 | 1566269 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 200000 | ശ്രീ. ലതേഷ് കുമാർ.വി.വി, സെക്രട്ടറി |
| 1-24 | 2100000 | 1200000/- ശ്രീ. ലതേഷ് കുമാർ.വി.വി സെക്രട്ടറി<br><br>900000/-ശ്രീ.മൻസൂർ.റ്റി.എ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-28 | 11400 | ശ്രീ. ലതേഷ് കുമാർ.വി.വി, സെക്രട്ടറി |

| | | |
|---|---|---|
| 1-39 | 1515000 | ശ്രീമതി.എം.ആർ ഗീത, പ്രോജക്റ്റ് ഓഫീസർ, ദാരിദ്ര്യ ലഘൂകരണവിഭാഗം |
| 1-40 | 335812 | ശ്രീമതി ജിഷ ജോസഫ്, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| **ആകെ** | 4162212 | |

**<u>സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഖണ്ഡിക 1-23 3900/- ശ്രീ.മൻസൂർ.റ്റി.എ,അസിസ്റ്റന്റ് എഞ്ചിനീയർ

**<u>ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**<u>ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ലതേഷ് കുമാർ.വി.വി സെക്രട്ടറി | സെക്രട്ടറി, മൂവാറ്റുപുഴ നഗരസഭ | വരിക്കാട്ട്, ഇറയംക്കുടി കല്ലൂർ, തെക്കുംമുറി, തൃശ്ശൂർ |
| ശ്രീ.മൻസൂർ.റ്റി.എ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ മൂവാറ്റുപുഴ നഗരസഭ | തുകലിൽ ഹൗസ് മുടിക്കൽ പി.ഒ. പെരുമ്പാവൂർ – 683547 |
| ശ്രീമതി അജിതാ കുമാരി ഹെഡ്മിസ്ട്രസ്,ഗവ. ഹൈസ്കൂൾ | ഹെഡ്മിസ്ട്രസ്, ഗവ ഹൈസ്കൂൾ, മൂവാറ്റുപുഴ | ക്വാർട്ടേഴ്സ് നം ¾, NGO ക്വാർട്ടേഴ്സ്,മൂവാറ്റുപുഴ |
| ശ്രീമതി.എം.ആർ ഗീത, പ്രോജക്റ്റ് ഓഫീസർ, ദാരിദ്ര്യലഘൂകരണവിഭാഗം | ഹെൽത്ത് സൂപ്പർവൈസർ, കായംകുളം നഗരസഭ | മുല്ലശ്ശേരി കിഴക്കേതിൽ, കണ്ടല്ലൂർ സൌത്ത് പി.ഒ കായംകുളം -690532 |
| ശ്രീമതി ജിഷ ജോസഫ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ | സി.ഡി.പി.ഓ, ഐ.സി.ഡി.എസ് പ്രോജക്റ്റ് ഓഫീസർ, ഇളംദേശം തൊടുപുഴ | നീർന്നകിടി, തൃക്കളത്തൂർ.പി.ഒ, മൂവാറ്റുപുഴ |

# 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ |
|---|---|

| വർഷം | കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | LFE(EKM)M1 519/88/15-06-00 |
| 1997-98 | LFE(EKM)M1 128/93/22-12-93 |
| 1998-99 | LFE(EKM)M1 129/01/12-12-01 |
| 1999-00, 2000-01 | LFE(EKM)M2 1943/09/13-11-07 |
| 1999-00, 2000-01 | LFE(EKM)M2 43/05/19-04-88 |
| 1997-98 | LFE(EKM)M2 1555/88/3-11-12 |
| 1998-99 | LFE(EKM)M2 43/05/19-04-88 |
| 1999-00 | LFE(EKM)M2 1555/88/3-11-12 |
| 2000-01 | LFE(EKM)M2 775/05/29-12-05 |
| 2001-02 | LFE(EKM)M1 1158/07/21-11-07 |
| 2002-03 | LFE(EKM)M1 441/08/11-05-09 |
| 2003-04 | LFE(EKM)M1 383/12/30-03-12 |
| 2004-05 | LFE(EKM)M2 43/13/07-01-13 |
| 2005-06 | LFE(EKM)M2 43/13/07-01-13 |
| 2006-07 | LFE(EKM)M1 441/08/11-05-09 |
| 2007-08 | LFE(EKM)M1 139/10/17-10-11 |
| 2008-09 | LFE(EKM)M1 519/88/15-06-00 |
| 2009-10 | LFE(EKM)M1 314/11/10-02-12 |
| 2010-11, 2011-12 | LFE(EKM)M2 14/14/29-01-15 |
| 2012-13 | LFE(EKM)M2 972/15/16-11-15 |
| 2013-14, 14-15 | KSA(EKM)M2 1116/2016/13-07-16 |
| 2015-16 | KSA(EKM)M1 101/2017/08-02-17 |
| 2016-17 | KSA(EKM)M2- 2163/2017 /30-11-17 |
| 2017-18 | KSA(EKM)M2- 299/2019 /27-3-19 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ ഖണ്ഡികകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

.

ജോയിന്റ് ഡയറക്ടർ
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം
സംസ്ഥാന ഓഡിറ്റ് വകുപ്പ്

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6) 2011ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6) 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **മൂവാറ്റുപുഴ നഗരസഭയുടെ 2018-19** സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ **2018-19**സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ജോയിന്റ് ഡയറക്ടർ**

<u>മൂവാറ്റുപുഴ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.</u>

1. തൊഴിൽ രഹിത വേതനം സംബന്ധിച്ച് ട്രഷറി ബിൽ ബുക്ക്, വേതന വിതരണ രജിസ്റ്റർ, സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം 2018-19 വർഷം 33600/- രൂപ വേതന വിതരണത്തിനായി പിൻവലിക്കുകയും, 19080/- രൂപ വിതരണം ചെയ്യുകയും 14520 രൂപ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ I-6, I-14, RP-6 എന്നിവ പ്രകാരം 44760/- രൂപയാണ് ഈ ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

2.ബാലൻസ് ഷീറ്റ് B -5ഷെഡ്യൂൾ പ്രകാരം KURDFC യിൽ നിന്നും തൻവർഷം 18090000/- രൂപ ലോൺ എടുത്തിട്ടുണ്ട്. എന്നാൽ ടി തുക തന്നെ ബാലൻസ് ഷീറ്റ് ബി -20 ഷെഡ്യൂളിൽ 'ലോൺ ഇഷ്യൂ എക്സ്പെൻസസ് ' എന്ന ഹെഡിൽ ആസ്തിയായി ഉൾപ്പെടുത്തിയിരിക്കുന്നു. Loan Issue expenses എന്നത് ലോൺ എടുക്കുന്നതിലേയ്ക്ക്

നഗരസഭയ്ക്ക്, കൺസൾട്ടൻസി ചാർജസ് തുടങ്ങിയ ഇനങ്ങളിൽ ചെലവായ തുകയാണെന്ന് അക്കൗണ്ട്സ് മാന്വൽ വ്യക്തമാക്കുന്നു.

3. 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് B -15 ഷെഡ്യൂൾ പ്രകാരം പ്രോപ്പർട്ടി ടാക്സ് ഇനത്തിലെ കുടിശ്ശിക 2732667/- രൂപയാണ്. 2018-19 വർഷത്തെ RP-37 പ്രകാരം കുടിശ്ശിക കളക്ഷൻ 1915468/- രൂപയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ Property Tax (Arrears) കുടിശ്ശിക 817199/- ആണ്. എന്നാൽ 2018-19 ലെ ബാലൻസ് ഷീറ്റ് B -15 പ്രകാരം Property Tax (Arrears) കുടിശ്ശിക 721426/- രൂപയാണ്. 95773/- രൂപയുടെ വ്യത്യാസം കാണുന്നു.

4. വാടക (Rental Income) ഇനത്തിൽ തൻവർഷ ഡിമാന്റ് 5105567/- രൂപയും കളക്ഷൻ 4211086/- രൂപയുമാണ് (4027546+92940+90600(adv.2017-18). ആയതിന്റെ അടിസ്ഥാനത്തിൽ തൻവർഷത്തെ ബാലൻസ് 894481/- രൂപയാണ്. എന്നാൽ B -15 പ്രകാരം ബാലൻസ് 965081/- രൂപയാണ്. 70600/- രൂപയുടെ വ്യത്യാസം കാണുന്നു.

5. B-15 ഷെഡ്യൂൾ പ്രകാരം Receivables for service cess (current) മാത്രമാണ്. ഉൾപ്പെടുത്തിയിട്ടുള്ളത്. Property Tax (Arrear) -ന് service cess ഉൾപ്പെടുത്തിയിട്ടില്ല.

6. RP-6 ഷെഡ്യൂൾ പ്രകാരം വികസനഫണ്ട് ജനറൽ, CFC ഗ്രാന്റ് ഇനങ്ങളിൽ ചെലവഴിച്ച തുകയും, I-6 പ്രകാരമുള്ള തുകയും തമ്മിലെ വ്യത്യാസം capital contribution ഇനത്തിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നഗരസഭ ലഭ്യമാക്കിയിട്ടുണ്ട്.

| | RP-6 | I-6 | വ്യത്യാസം |
|---|---|---|---|
| 160100101 | 9493843 | 7997237 | 1496606 |
| 160100104 | 3286900 | 341902 | 2944998 |

എന്നാൽ ചെലവ് പത്രിക പ്രകാരം ആസ്തി സൃഷ്ടിക്കലിനായി ആകെ ചെലവഴിച്ച തുക വികസന ഫണ്ട് ജനറൽ ഇനത്തിൽ 700000/- രൂപയും, CFC ഗ്രാന്റ് ഇനത്തിൽ 2832756/- രൂപയുമാണ്. വികസന ഫണ്ട് SCP, TSP ഇനങ്ങളിൽ യഥാക്രമം 181080 രൂപയും 155633/- രൂപയും ആസ്തി സൃഷ്ടിക്കുന്നതിനായി ഉപയോഗിച്ചിട്ടുണ്ടെങ്കിലും, ടി തുകകൾ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേയ്ക്ക് മാറ്റിയിട്ടില്ല.

7. അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകളിൽ AFS ലെ കണക്കുകളും, ക്യാഷ് ബുക്ക്/ബാങ്ക് ബുക്ക് പ്രകാരമുള്ള കണക്കുകളുമായി 12350/- രൂപയുടെ വ്യത്യാസം കാണുന്നു.

8. ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂളിലെ 340200200 Auction Deposit, 340800100 Deposit Received from others എന്നീ ഹെഡുകളിലെ നീക്കിയിരിപ്പ് മുൻവർഷ ബാക്കി, വരവ്, റീഫണ്ട് എന്നീ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| | OB | Rt | Exp. | CB |
|---|---|---|---|---|
| 340200200 | 258750 | 393550 | 123000 | 529300 |
| 340800100 | 894045 | 24507 | 14000 | 904552 |

AFS ലെ B-7 ലെ തുകകളുമായി വ്യത്യാസം ഉള്ളതിനാൽ ടി ഡെപ്പോസിറ്റുകളിൽ നിന്നും adjustment entry വഴി തുക വരവ് ഇനങ്ങളിലേയ്ക്ക് ഉൾപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

9. SBI (Rent) എന്ന അക്കൗണ്ടുകളിൽ (450210200), 03.02.2018 ൽ കളക്ഷൻ നൽകിയ (ചെക്ക് നം. 6066473/02.02.18. തുക. 2500/- രൂപ) ചെക്ക് നാളിതുവരെ നഗരസഭാ ഫണ്ടിലേയ്ക്ക് കളക്ഷനായി വന്നിട്ടില്ല. ടി തുക ബന്ധപ്പെട്ട വരവ് ഹെഡിലെ കളക്ഷനിൽ നിന്നും കുറവ് ചെയ്യുകയോ, അരിയർ ഡിമാന്റിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

**ജോയിന്റ് ഡയറക്ടർ**
**ജില്ലാ ഓഡിറ്റ്**
**കാര്യാലയം**
**എറണാകുളം.**

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of MUVATTUPUZHA MUNICIPALITY in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 295(6) of the Kerala Municipal Act 1994, Rule 60 of Kerala Municipality Account Rule 2007, and the Rules their under and the guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Municipal Institutions, and the instructions vide G.O(Rt) 1413/2018/LSGD dated 22/05/2018.

In my opinion, the Financial Statement of MUVATTUPUZHA MUNICIPALITY for the year 2018-19 subject to the observations in Annexure II, properly presents the picture of income, expenditure and closing balance.

JOINT DIRECTOR

## Defects Identified on Verification of Annual Financial Statement of Muvattupuzha Municipality for the year 2018-19

1. As per Treasury Bill book an amount of Rs. 33600/- is withdrawn in 2018-19 for the distribution Unemployment Allowance. As per Distribution Register Rs. 19080/- has been distributed. As per the utilisation statement unspent Unemployment Allowance of Rs. 14520/- is refunded. Contrary to all these figures Rs. 44760/- is included in the AFS.

2. As per B-5 Schedule in the Balance Sheet, an amount of Rs. 18090000/- is availed as loan from KURDFC . The same amount is shown as asset under the head 'loan issue expenses' in the B-20 Schedule.

3. There is a difference of 95773/- in the actual arrear of Property Tax to be received and that shown in B-15 Schedule of Balance Sheet.

4. There is a difference of Rs. 70600/- in the actual rental income to be received during the year and that shown in the B-15 Schedule.

5. Only the Service Cess receivable for the current year is included in the B-15 Schedule. Service Cess for Property Tax (Arrear ) is not included.

6. As per the statement produced by the institution the difference between the spent amount (RP-6 Schedule) and I-6 Schedule (Development Fund General and CFC grant) shown as capital contribution is as follows

| | RP-6 | I-6 | Difference |
|---|---|---|---|
| 160100101 | 9493843 | 7997237 | 1496606 |
| 160100104 | 3286900 | 341902 | 2944998 |

7. Check No. 6066473/02.02.2018 received towards SBI (Rent) has not been encashed till date.

8. The closing balance in the heads auction deposit and deposit received from others do not agree with the opening balance, receipts and refund of the respective amounts.

9. There is differnce of Rs. 12350/- between the amount shown in AFS and cash book/ bank book of Ayyankali Urban Employment Guarantee Scheme.

But as per expenditure statement, an amount of Rs. 7,00,000/- from Development Fund General and Rs. 28,32,756/- from CFC Grant have been utilised for asset creation. Amounts Rs. 1,81,080/- and Rs. 1,55,633/- were used to create assets from Development Fund (SCP) and TSP respectively. But these amounts are not shown in the head 'Capital contribution'.

JOINT DIRECTOR
DISTRICT AUDIT OFFICE
ERNAKULAM